
ഫെബ്രുവരി 2021

Price ₹ 25

# ജീവനും വെളിച്ചവും



**അകലെ ആയിരിക്കുന്ന സഹോദരനെ**
**അടുത്തായിരിക്കുന്നത് പോലെ സ്നേഹിക്കുക**

**– 'ഫ്രത്തേല്ലിതൂത്തി'**



## കുടുംബപ്രേഷിത ശുശ്രൂഷ
## തിരുവനന്തപുരം ലത്തീൻ അതിരൂപത

# കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള
# വിവാഹ ഒരുക്ക സെമിനാറുകൾ

| | | |
|---|---|---|
| 2021 ഫെബ്രുവരി | 11,12 \| വ്യാഴം, വെള്ളി | മെഡോണ സെന്റർ, കൊച്ചുപള്ളി |
| | 26,27 \| വെള്ളി, ശനി | അനുഗ്രഹ ഭവൻ, മേനംകുളം |
| 2021 മാർച്ച് | 11,12 \| വ്യാഴം, വെള്ളി | പാരിഷ് ഹാൾ, വെള്ളയമ്പലം |
| | 25,26 \| വ്യാഴം, വെള്ളി | മെഡോണ സെന്റർ, കൊച്ചുപള്ളി |
| 2021 ഏപ്രിൽ | 9,10 \| വെള്ളി, ശനി | അനുഗ്രഹ ഭവൻ, മേനംകുളം |
| | 22,23 \| വ്യാഴം, വെള്ളി | മെഡോണ സെന്റർ, കൊച്ചുപള്ളി |

**നിർദ്ദേശങ്ങൾ**

- സെമിനാർ ഓരോ ദിവസവും രാവിലെ 8 മണിക്ക് ആരംഭിച്ച് വൈകുന്നേരം 5 ന് സമാപിക്കും.
- ക്ളാസ്സിന് പങ്കെടുക്കാൻ വരുമ്പോൾ കോഴ്സ് രസീത്, റീ ഫണ്ട് രസീത് (അടച്ചിട്ടുണ്ടെങ്കിൽ), സ്റ്റാമ്പ് സൈസ് ഫോട്ടോ എന്നിവ കൊണ്ടുവരണം. മാസ്ക് ധരിച്ചിരിക്കണം.
- കോഴ്സ് രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം പുനരാരംഭിച്ചിട്ടുണ്ട്. (www.rcmatrimonial.org)
- മാർച്ച് മുതൽ ഡിസംബർ വരെ ബുക്ക് ചെയ്തവരും എന്നാൽ ക്ളാസ്സിൽ പങ്കെടുക്കാത്തവരായി ആരെങ്കിലും ഉണ്ടെങ്കിൽ 93872 96213, 94001 01044 എന്നീ നമ്പരുകളിലോ, അതിരൂപത കാര്യാലയത്തിൽ നേരിട്ടോ ബന്ധപ്പെടേണ്ടതാണ്.
- കോവിഡ് കാലത്ത് ഏതെങ്കിലും ഇടവകയോ ഫെറോനയോ മുൻകരുതൽ തുക വാങ്ങിയിട്ടുണ്ടെങ്കിൽ അത് അതിരൂപത കാര്യാലയത്തിൽ അടയ്ക്കേണ്ടതാണ്.
- അടുത്ത കോഴ്സിനെക്കുറിച്ചുള്ള വിശദവിവരം കോവിഡ് സാഹചര്യം വിലയിരുത്തി പിന്നാലെ അറിയിക്കുന്നതാണ്.

**ഫാ. എ ആർ ജോൺ**
ഡയറക്ടർ, കുടുംബ ശുശ്രൂഷ

## ജീവനും വെളിച്ചവും

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2021 ഫെബ്രുവരി
പുസ്തകം - 45 ലക്കം - 2
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


# ഇത് തെരഞ്ഞെടുപ്പ് കാലം

വലിയ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സമ്മതിദാനാവകാശം ഉപയോഗിച്ച്, ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന കാലം.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ പൂർത്തിയായി. പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാ ഭരണ സമിതികൾ ചുമതലകളേറ്റെടുത്ത് കഴിഞ്ഞു. ഇനി വിലയിരുത്തൽ, ഗ്രാമസഭാ സമ്മേളനം, പദ്ധതി ആസൂത്രണം, നടത്തിപ്പ് ചർച്ചകൾ. തീരുമാനങ്ങൾ ജനകേന്ദ്രീകൃതമെന്ന് ഏവരും ഉറപ്പുവരുത്തണം.

ഗ്രാമസഭകൾ, മത്സ്യസഭകൾ തുടങ്ങിയ ജനാവകാശ സംവിധാനങ്ങൾ ഉണരണം. വിദ്യാഭ്യാസം, ആരോഗ്യം, മാലിന്യസംസ്കരണം, ഊർജ്ജ ഉല്പാദനവും വിതരണവും, ജലസംഭരണം, പരിസ്ഥിതി, അടുക്കളത്തോട്ടം, മത്സ്യ ഉൽപാദനവും വിപണനവും തുടങ്ങിയ ചർച്ചകളിൽ ജനങ്ങൾ പങ്കാളികളാകണം.

തിരുവനന്തപുരം പ്രാദേശികസഭ കുടുംബയൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു കഴിഞ്ഞു. മുപ്പത് കുടുംബങ്ങൾ ചേർന്ന അയൽപക്ക കൂട്ടായ്മകൾ തങ്ങളുടെ ജീവിതത്തിലും, അയൽപക്കത്തും, സമൂഹത്തിലും ഉണ്ടാകേണ്ട വളർച്ച ആലോചിക്കണം. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, തൊഴിൽ തുടങ്ങിയ രംഗങ്ങളിൽ തനത് പദ്ധതികളും പ്രവർത്തനവും വിലയിരുത്തലും സാധ്യമാക്കണം. അതിലൂടെ സഭ ദൈവജനമാണെന്ന ബോധ്യം സൃഷ്ടിക്കണം. അതിലൂടെ ജനങ്ങളുടെ ക്ഷേമവും, വളർച്ചയും, ആധ്യാത്മിക ഉണർവും സൃഷ്ടിക്കാൻ വേണ്ട നടപടികൾക്ക് ശക്തിപകരണം.

ആദ്യം അഞ്ച് സംസ്ഥാനങ്ങൾ - അസാം, ബംഗാൾ, തമിഴ്നാട്, പുതുച്ചേരി, കേരളം - തെരഞ്ഞെടുപ്പിന് ഒരുങ്ങുകയാണ്. തങ്ങളുടെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും, ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന നീതിയും, സമത്വവും, സാഹോദര്യവും, സ്വാതന്ത്ര്യവും പുലരാനുതകുന്ന ഭരണ സംവിധാനങ്ങൾ രൂപപ്പെടുന്നു എന്ന് ഉറപ്പാക്കാനുള്ള അവസരമാണിത്.

ജനാധിപത്യവും മതേതരത്വവും സ്വാതന്ത്ര്യവും സമത്വവും പുലരുന്ന രാജ്യനിർമ്മിതിക്കായി കൈകോർക്കാം. നാളെയുടെ നിർമ്മിതിയിൽ ജനമാണ് താക്കോൽ സ്ഥാനത്ത് എന്ന് മറക്കാതിരിക്കാം.

ഇന്ത്യൻ വംശജ കമലാഹാരിസും ജോ ബൈഡനും അമേരിക്കയുടെ സാരഥ്യം ഏറ്റെടുക്കുമ്പോൾ സർവസാഹോദര്യവും, ലോക സമാധാനവും ഉറപ്പാക്കുന്ന ഭരണക്രമവും, വികസന സമീപനവും ക്രമപ്പെടുത്താനാകട്ടെ എന്നാശിക്കുന്നു.

കേരളത്തിൽ പഞ്ചായത്ത് മുതൽ അമേരിക്കവരെ ഭരണമാറ്റങ്ങൾ ഉണ്ടാകുമ്പോൾ അംഗീകാരം സേവനത്തിനാണെന്ന് മറക്കാതിരിക്കാം.

സർവ ഭാവുകങ്ങളും നേരുന്നു.

– പത്രാധിപർ

# തപസുകാലം : മനുഷ്യന്റെ ദൈവത്വവത്കരണം

**ക്രിസ്തുവിലുള്ള ഈ വിശ്വാസം അന്ധന്റെ ജീവിതത്തെ പ്രകാശിപ്പിച്ചതു പോലെ നമ്മുടെ ജീവിതങ്ങളെയും പ്രകാശിപ്പിക്കണം. ഈ വിശ്വാസമാണ് നമ്മുടെ ഉത്ഥാനത്തിന്റെ, ദൈവത്വവത്ക്കരണത്തിന്റെ അടിസ്ഥാനമെന്ന് ലാസറിന്റെ ഉയർപ്പിലൂടെ സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു.**

**റവ. ഡോ. ഡാർവിൻ പീറ്റർ**

കൊറോണ വൈറസ് എന്ന മഹാമാരി നമ്മുടെ ഹൃദയങ്ങളെ ഇന്ന് ആകുലതകളും മരണഭയവും കൊണ്ട് നിറച്ചിരിക്കുന്നു. കഴിഞ്ഞ നോമ്പുകാലം മുതൽ ഇന്ന് വരെ നാം വസിക്കുന്ന നമ്മുടെ കുടുംബം, നമ്മുടെ സമൂഹം, രാജ്യം, ഈ ലോകം തന്നെയും ഈ മഹാ വിപത്ത് സൃഷ്ടിക്കുന്ന മരണ ഭീതിയിലാണ്. ഈ ഭീതി ആഴപ്പെടുത്തുന്നതാണ് നമുക്ക് ഉണ്ടായ നഷ്ടപ്പെടലിന്റെയും കൊഴിഞ്ഞ് പോകലിന്റെയും ശൈത്യത്തിന്റെയും കാലമായ ശിശിരകാലം. എന്നാൽ ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം യേശുവിന്റെ ഉയിർപ്പുതിരുനാൾ ആഘോഷത്തിലേക്ക് നമ്മെ നയിക്കുന്ന നോമ്പുകാലമാണ്.

സഭയെ സംബന്ധിച്ചിടത്തോളം ദൈവത്വവത്കരണത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ഏറ്റവും വിലപ്പെട്ടതും പ്രധാനപ്പെട്ടതുമായ ലിറ്റർജിക്കൽ കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ സഭാ സമൂഹം മുഴുവനും ശാശ്വതമായ ഉയർപ്പിൽ തങ്ങളുടെ രക്ഷകനും സഭയുടെ മണവാളനുമായ ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ പ്രാർഥനയിലും ഉപവാസത്തിലും ജീവകാരുണ്യപ്രവർത്തനത്തിലും മുഴുകുന്നു. നിരന്തരമായുള്ള പ്രാർഥന, കുരിശിന്റെ വഴി, വിശുദ്ധ കുർബാന, കുമ്പസാരമെന്ന കൂദാശ എന്നിവയിലൂടെ ആത്മ വിശുദ്ധി നേടി ദൈവത്തിന്റെ രക്ഷാകര രഹസ്യത്തിൽ നിന്ന് കർത്താവായ ക്രിസ്തുവിനെയും അവിടുത്തെ ജീവിത സമൃദ്ധിയേയും സ്വീകരിക്കുന്നു. മാത്രവുമല്ല സഭയുടെ നോമ്പുകാല സുവിശേഷപഠനങ്ങൾ മനുഷ്യരായ നമ്മുടെ ദൈവത്വവത്കരണത്തിലേക്കുള്ള ആത്മീയ യാത്രയിൽ അതിന്റെ ഗൗരവം കൂട്ടുകയും ക്രിസ്തുവിനെ അതിതീവ്രതയോടെ കണ്ടുമുട്ടുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

നോമ്പുകാലം ഒന്നാം ഞായറാഴ്ച നാം ശ്രവിക്കുന്ന തിരുവചനം ഭൂമിയിൽ മനുഷ്യനെന്ന നിലയിൽ നമ്മുടെ അവസ്ഥകളെയും ദുർബലതകളെയും വ്യക്തമാക്കുന്നു. അതോടൊപ്പം പ്രലോഭനത്തിനെതിരെ ക്രിസ്തു നടത്തി വിജയിച്ച സമരവഴികളിലൂടെ നമ്മെ നയിക്കുകയും നമ്മുടെ ഹൃദയങ്ങളെ പ്രത്യാശയിലേക്ക് തുറക്കുകയും, തിന്മകളുടെ പ്രലോഭനങ്ങളെ കീഴടക്കുവാനുള്ള കൃപയും പ്രചോദനവും നല്കുകയും ചെയ്യുന്നു. ഈ ദൈവകൃപ നമ്മുടെ ദൈവത്വവത്ക്കരണത്തിന്റെ ആദ്യപടിയാണ്. ഇവിടെ





**കൊറോണ വൈറസ് എന്ന ഈ മഹാമാരിയെ മറികടക്കുവാൻ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസവും നമ്മുടെ ദൈവത്വവത്ക്കരണവും ആവശ്യമാണ്. എങ്കിൽ മാത്രമേ മഹാമാരിയുടെ മരണഭയത്തിന്റെ ഇരുൾ നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഒഴിയുകയും സ്നേഹത്തിന് സ്ഥാനം ലഭിക്കുകയും ചെയ്യുകയുള്ളൂ.**

നിന്നും താബോർ മലയിലേക്ക് നമ്മെ കൂട്ടികൊണ്ടുപോകുന്ന തിരുവചനം അനുദിനജീവിതത്തിലെ ബഹളങ്ങളിൽ നിന്ന് അകന്നുകൊണ്ട് ദൈവസാന്നിധ്യത്തിൽ മുഴുകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ ദാഹമാണ് മനുഷ്യന്റെ ദൈവത്വവത്ക്കരണമെന്ന് "എനിക്ക് കുടിക്കാൻ തരുക" (യോഹ 4:7) എന്ന് സമരിയാക്കാരിയോട് ആവശ്യപ്പെടുന്നതിലൂടെ യേശു വ്യക്തമാക്കുന്നു. സമരിയക്കാരിയുടെ വിശ്വാസത്തിൽ തന്നെതന്നെ ക്രിസ്തുവായി വെളിപ്പെടുത്തിയ വചനം അന്ധനായ മനുഷ്യന്റെ ബാഹ്യമായ അന്ധതയും ആന്തരികനേത്രവും തുറന്നുകൊടുക്കുക വഴി യേശു തന്നെയാണ് ഏക രക്ഷകനെന്ന വിശ്വാസത്തിലേക്ക് അന്ധനെ നയിക്കുന്നു.

ക്രിസ്തുവിലുള്ള ഈ വിശ്വാസം അന്ധന്റെ ജീവിതത്തെ പ്രകാശിപ്പിച്ചതുപോലെ നമ്മുടെ ജീവിതങ്ങളെയും പ്രകാശിപ്പിക്കണം. ഈ വിശ്വാസമാണ് നമ്മുടെ ഉത്ഥാനത്തിന്റെ, ദൈവത്വവത്ക്കരണത്തിന്റെ അടിസ്ഥാനമെന്ന് ലാസറിന്റെ ഉയർപ്പിലൂടെ സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ വിശ്വാസമാണ് പ്രപഞ്ചത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതെന്നും വിശ്വാസമില്ലാതിരുന്നാൽ ഭാവിയിൽ പ്രപഞ്ചം മുഴുവനും യാതൊരു പ്രത്യാശയുമില്ലാത്ത അടഞ്ഞ് മൂടിയ ഒരു ശവക്കലറയായി മാറുമെന്നും ബെനഡിക്ട് പാപ്പ (പാപ്പ എമെറിത്തൂസ്) നമ്മെ ജാഗ്രതപ്പെടുത്തുന്നു.

കൊറോണ വൈറസ് എന്ന ഈ മഹാമാരിയെ മറികടക്കുവാൻ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസവും നമ്മുടെ ദൈവത്വവത്ക്കരണവും ആവശ്യമാണ്. എങ്കിൽ മാത്രമേ മഹാമാരിയുടെ മരണഭയത്തിന്റെ ഇരുൾ നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ഒഴിയുകയും സ്നേഹത്തിന് സ്ഥാനം ലഭിക്കുകയും ചെയ്യുകയുള്ളൂ. അന്യനെ അപരനായി കരുതാതെ സഹോദരനായി കരുതി ഒരു ആത്മീയ കരുതൽ നല്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. മനുഷ്യഹൃദയങ്ങളിൽ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും സ്പന്ദനങ്ങളെ പ്രകാശിപ്പിക്കുന്ന "ഫ്രത്തെല്ലി തൂത്തി" എന്ന ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ ഈ ആശയം വ്യക്തമാക്കുന്നുണ്ട്. ദൈവം എല്ലാവരേയും തുല്യരായി സൃഷ്ടിച്ചുവെന്നും നാം സഹോദരി സഹോദരായി ജീവിച്ചുകൊണ്ട് ഇരുളിനെ പഴിക്കാതെ വെളിച്ചമേകുവാനും, കോവിഡിനെ പഴിക്കാതെ കോവിഡിനൊപ്പം ജീവിക്കുവാനും യേശു നല്കുന്ന ഉത്ഥാനത്തിന്റെ, പ്രത്യാശയുടെ പ്രഭയിൽ വീണ്ടും ഈ ലോകത്തെ കാണുവാനും നമുക്ക് സാധിക്കണം. മാത്രമല്ല ലോകം മനുഷ്യനെ അയല്ക്കാരാക്കുവാൻ പരിശ്രമിക്കുമ്പോൾ ദൈവം തന്റെ സുതനിലൂടെ നമ്മെ സഹോദരരാക്കി എന്ന സത്യവും മനസിലാക്കി നാം പ്രാർഥനകളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധ ചൊലുത്തണമെന്നും ആവശ്യപ്പെടുന്നു.

നീലാകാശവും ശുദ്ധവായുവും ശുദ്ധ ജലവും ആരോഗ്യപ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളും സാമൂഹിക അകലം പാലിച്ചുകൊണ്ട് സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ നമ്മുടെ കൂടിവരവുകളും വാക്സിൻ കുത്തുവയ്പ്പും നമുക്ക് പ്രത്യാശയുടെ പ്രതീകങ്ങളാണ്. നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ആരാധനയുടെ പുനർജനനവും നമ്മുടെ വിശ്വാസ ജീവതത്തിന് പ്രതീക്ഷയേകുന്നു. ഈ പ്രത്യാശയിലും പ്രതീക്ഷയിലും നമ്മുടെ ജീവിതം മുറുകെ പിടിച്ചുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നമ്മുടെ ദൈവത്വവത്ക്കരണത്തിന്റെ ആത്മീയ യാത്ര ഈ നൊമ്പുകാലത്ത് പ്രാർഥനയിലൂടെയും ജീവകാരുണ്യപ്രവർത്തനത്തിലൂടെയും നമുക്ക് തുടരാം. ■



# കാലിക പ്രസക്തമാകുന്ന

# അൽമായ ശുശ്രൂഷ

**തിരുവനന്തപുരം പ്രാദേശീകസഭയിൽ കോവിഡാനന്തര സഭാ പ്രവർത്തനങ്ങൾ സജീവവും ഊർജസ്വലവുമായി മുന്നോട്ടു പോകണമെങ്കിൽ അൽമായ നേതൃത്വത്തെ പൗരോഹിത്യ നേതൃത്വത്തോട് തോളോട് തോൾചേർത്ത് നിർത്തുകയോ സമാന്തരമായി പരിഗണിക്കുകയോ ചെയ്യുന്ന ഒരു പ്രായോഗിക Paradigm Shift (മാതൃകാമാറ്റം) എല്ലാ ശുശ്രൂഷകളിലും ബോധപൂർവം നടപ്പിലാക്കണമെന്ന് ലേഖകൻ ഇവിടെ സമർഥിക്കുന്നു**

**അഡ്വ. എം.എ. ഫ്രാൻസിസ്**

കോവിഡാനന്തര കാലഘട്ടത്തിൽ സഭാ പ്രവർത്തനങ്ങളിലും സാമൂഹിക വിഷയങ്ങളിലും അൽമായരും അൽമായശുശ്രൂഷയും എങ്ങിനെയാണ് പ്രവർത്തിക്കേണ്ടത് എന്നതിനെ സംബന്ധിച്ച ശരിയായ ഒരു മാർഗരേഖയായി കൂടെ ഫ്രാൻസിസ് മാർപാപ്പയുടെ "ഫ്രത്തേല്ലിതൂത്തി" (നാം സോദരർ) എന്ന ചാക്രിക ലേഖനത്തെ നമുക്ക് കാണാൻ കഴിയും. ഈ ഭൂമുഖത്തുള്ള സർവ സമ്പത്തും ഇവിടെ വസിക്കുന്ന സകല മനുഷ്യർക്കും എല്ലാ ജീവജാലങ്ങൾക്കും തുല്യമായി പങ്കിട്ട് അനുഭവിക്കാനുള്ള അവകാശമുണ്ടെന്ന സാർവജനീന തത്വമാണ് ഈ ചാക്രീക ലേഖനം വായിക്കുമ്പോൾ നമ്മുടെ മനസ്സിലേക്കെത്തുക. അത് ഏതാനും ചിലർക്ക് കൈയടക്കി വയ്ക്കാനുള്ളതല്ല.

ലോക ജനതയെ മുഴുവൻ സഹോദരരായി കണ്ട്, "അകലെ ആയിരിക്കുന്ന സഹോദരനെ അടുത്തായിരിക്കുന്നത് പോലെ സ്നേഹിക്കുന്ന", അവർക്കുവേണ്ടി നമ്മുടെ കഴിവുകൾ പങ്കുവച്ച് നൽകാൻ തയ്യാറാകുന്നതിലൂടെ ലോകജനത മുഴുവൻ പട്ടിണി രഹിതരായി, തൊഴിൽ രഹിതർ ഇല്ലാത്ത, ഭവന രഹിതർ ഇല്ലാത്ത ഒരു നവലോക സൃഷ്ടി. സമാധാനത്തിലും സന്തോഷത്തിലും കഴിയുന്ന ഒരു ലോകജനത. അതിനായി നമ്മുടെ സഭാ സംവിധാനത്തിലെ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിക്കുന്ന ബിസിസികളും അതുമായി ബന്ധപ്പെട്ട ശുശ്രൂഷ സമിതികളും അവയുടെ പ്രവർത്തനങ്ങളും സജീവത കൈവരിക്കണം. എല്ലാ ശുശ്രൂഷ സമിതികളിലും പ്രവർത്തിക്കുന്നത് അൽമായരാണെന്നിരിക്കെ അവയുടെ ഏകോപനവും, പങ്കാളിത്തവും, ശാക്തീകരണവും അൽമായ ശുശ്രൂഷയുടെ ഉത്തരവാദിത്വമാണ്.

ഈ നവലോക സൃഷ്ടിയിൽ വളരെ വലിയ ദൗത്യമാണ് അൽമായർക്ക് ഏറ്റെടുക്കാനുള്ളത്. കുടുംബം, വിദ്യാലയം, യുവജനസമൂഹം, തൊഴിൽ മേഖല, സമുദായരംഗം, രാഷ്ട്രീയ രം

ഗം എന്നീ മണ്ഡലങ്ങളിൽ ഉയർന്നു വരുന്ന പരിപാടികളും പ്രശ്നങ്ങളും സഭയുടെ ചിന്തയ്ക്ക് വിഷയീഭവിക്കേണ്ട ചുമതല അൽമായർക്കുണ്ട്. "രാഷ്ട്രീയം ഒരു ശുശ്രൂഷയാകണ"മെന്ന് പാപ്പ തന്റെ ലേഖനത്തിൽ എടുത്തുപറയുന്നു.

കോവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നമ്മുടെ ബിസിസി യോഗങ്ങൾ കഴിഞ്ഞ കുറേ നാളുകളായി കൃത്യമായി കൂടാൻ കഴിയുന്നില്ല. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ പല മേഖലകളും സാധാരണ രീതിയിൽ പ്രവർത്തിക്കുവാൻ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ നമ്മുടെ കൂട്ടായ്മകളും ശാക്തീകരിക്കേണ്ടതുണ്ട്. ബിസിസി യോഗങ്ങൾ വെറും പ്രാർത്ഥനാ യോഗങ്ങളാക്കി മാറ്റാതെ എല്ലാ ശുശ്രൂഷാ സമിതി പ്രവർത്തനങ്ങളും അവതരിപ്പിക്കുകയും ചർച്ച ചെയ്യപ്പെടുകയും തീരുമാനങ്ങളെടുത്ത്, പ്രവർത്തിതലത്തിലേക്ക് എത്തുന്ന ചെറു സമൂഹങ്ങളായി രൂപാന്തരപ്പെടണം. പ്രാദേശിക പ്രശ്നങ്ങളും ആനുകാലിക പ്രാധാന്യമുള്ള സാമൂഹിക വിഷയങ്ങളും ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തിലൂടെ പരിഹാര നിർദ്ദേശം തേടണം, ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉന്നതവേദികളിലേക്ക് എത്തിക്കണം.

സഭയാകുന്ന ശരീരത്തിലെ അവയവങ്ങളായ ഓരോ അൽമായരും തങ്ങളുടെ കഴിവനുസരിച്ച്, ഉത്തരവാദിത്വബോധത്തോടെ ദൗത്യനിർവഹണത്തിന് തയ്യാറായാൽ മാത്രമേ ശരീരത്തിന്റെ പ്രവർത്തനം പൂർണതയിലെത്തുകയുള്ളൂ. "അൽമായർ സഭയുടേത് എന്നല്ല അവർ തന്നെ സഭയാണെന്ന ബോധം അൽമായർക്കുണ്ടാകണ"മെന്നാണ് 12-ാം പീയൂസ് മാർപാപ്പ പറഞ്ഞിട്ടുള്ളത്.

ഏതാണ്ട് ഇതേ ആശയം ഉൾക്കൊണ്ടാണ് തിരുവനന്തപുരം രൂപതയിലെ വൈദീകരുടെ 1988 ൽ നടന്ന കോട്ടാർ ഒത്തുവാസത്തിൽ, അന്നത്തെ പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനും ഇന്നത്തെ മെത്രാപ്പൊലീത്തയുമായ അഭിവന്ദ്യ സൂസപാക്യം പിതാവ് തിരുവനന്തപുരം രൂപതയുടെ ഭാവി പ്രവർത്തനം സംബന്ധിച്ച് അവതരിപ്പിച്ച രേഖയിൽ ഇങ്ങനെ പറയുന്നത്.

**അൽമായർ സഭയുടേത് എന്നല്ല അവർ തന്നെ സഭയാണെന്ന ബോധം അൽമായർക്കുണ്ടാകണം**

*- 12-ാം പീയൂസ് മാർപാപ്പ*



The vision is one of making the diocese of Trivandrum, not just a church for the people, but of the people. അതായത് തിരുവനന്തപുരം രൂപത ജനങ്ങൾക്കുവേണ്ടിയുള്ള സഭയല്ല, മറിച്ച് അത് ജനങ്ങളുടെ സഭ തന്നെയായി മാറണം.

ഈ രേഖയുടെ വെളിച്ചത്തിലാണ് 1990-91 കാലഘട്ടത്തിൽ കേരളത്തിൽ ആദ്യമായി തിരുവനന്തപുരം രൂപതയിൽ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളായ (ബിസിസി) കുടുംബ കൂട്ടായ്മകൾക്ക് രൂപം നൽകുന്നത്. ഇതിന്റെ പ്രവർത്തനം വഴിയായി സഭാ പ്രവർത്തനങ്ങളിൽ അൽമായരുടെ പങ്കാളിത്തം വർധിപ്പിക്കാനായി എന്നതുമാത്രമല്ല; സഭ അൽമായരുടേത് കൂടിയാണെന്ന ഒരു ബോധ്യവും വളർത്താനായി. സഭാമക്കൾ തമ്മിൽ കൂടുതൽ പരസ്പരം അറിയുന്നതിനും പങ്കുവയ്ക്കുന്നതിനും കഴിഞ്ഞു എന്നതിനോടൊപ്പം തന്നെ കുറെയൊക്കെ അൽമായ നേതൃത്വത്തെ വളർത്താനായതും ഇതിന്റെ നേട്ടങ്ങൾ തന്നെയാണ്.

എന്നിരുന്നാലും പ്രതീക്ഷിച്ച തലത്തിലുള്ള വളർച്ച കൈവരിക്കാനായില്ല എന്ന യാഥാർത്ഥ്യം ബോധ്യമായതിനെ തുടർന്നാണ്, ഈ വിഷയങ്ങൾ ഉൾപ്പെടെ തിരുവനന്തപുരം രൂപതയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവികർമ്മ പരിപാടികൾക്ക് രൂപം നൽകുന്നതിനായി 2012 മേയ് 20 മുതൽ 25 വരെ നീണ്ടു നിന്ന ഒരു രൂപത സിനഡ് വിളിച്ചുചേർത്തത്. അവിടെ എല്ലാ വിഷയങ്ങളും വളരെ ഗൗരവതരമായി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ വെളിച്ചത്തിലാണ് കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ ആദ്യമായി തിരുവനന്തപുരം അതിരൂപതയിൽ അൽമായ ശുശ്രൂഷ സമിതിക്ക് രൂപം നൽകുന്നതും അതിന്റെ ഡയറക്ടറായി ഒരു അൽമായനെ തന്നെ നിയമിക്കാൻ തീരുമാനമെടുക്കുന്നതും. എം. ആർക്കാഞ്ചലോ എന്ന ആദ്യ അൽമായ ഡയറക്ടറുടെ നേതൃത്വത്തിൽ ഏകദേശം ആറു വർഷക്കാലം കുറെയൊക്കെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. എന്നാൽ പല മേഖലകളിൽ നിന്നും വേണ്ട സഹായ സഹകരണം ലഭിക്കായ്കമൂലം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പൂർണമാ

യും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. ഈ ശുശ്രൂഷയ്ക്ക് ആവശ്യമായ സഹായ സഹകരണം അതിരൂപതയിൽ നിന്ന് ലഭിച്ചാൽ മാത്രമേ ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാകൂ.

നേതൃതലത്തിൽ പ്രവർത്തിക്കുന്നവർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ ഫ്രാൻസിസ് മാർപാപ്പ തന്റെ ചാക്രീക ലേഖനത്തിൽ ഉന്നയിക്കുന്നുണ്ട്. “ഞാനെന്തിനാണിത് ചെയ്യുന്നത്?” ‘എന്താണ് എന്റെ യഥാർത്ഥ ലക്ഷ്യം?” “എന്റെ കർത്തവ്യത്തിൽ ഞാൻ എത്ര മാത്രം സ്നേഹം നിറച്ചു?” “എന്റെ ജനതയിൽ പുരോഗതി കൊണ്ടുവരാൻ ഞാൻ എന്തുചെയ്തു?” “എന്റെ സമൂഹത്തിന്റെ ജീവിതത്തിൽ ഞാൻ എന്തടയാളം ശേഷിച്ചു?” “ഞാൻ എന്തുമാത്രം യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിച്ചു?” “എന്നെ ഭരമേൽപ്പിച്ച സ്ഥാനത്തിരുന്ന് ഞാൻ എന്തു നന്മ നേടി?”



ഈ ചോദ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടുവേണം ബിസിസികളുടെയും വിവിധ ശുശ്രൂഷ സമിതികളുടെയും പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടത്; സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരേണ്ടത്. മനുഷ്യന്റെ ആവശ്യങ്ങളോടുള്ള പ്രത്യുത്തരമാകണം ശുശ്രൂഷകൾ. ആ നിലയ്ക്ക് പ്രാദേശിക, സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ ബിസിസി നേതൃത്വത്തിന് കഴിയണം. രാഷ്ട്രീയ പ്രവർത്തനം ശുശ്രൂഷയാണെന്ന ബോധ്യത്തോടെ ക്രൈസ്തവ ജനപ്രതിനിധികൾ മറ്റുള്ളവർക്ക് മാതൃകയാകണം.

മാമോദീസ വഴി ക്രിസ്തുവിനോട് ചേർന്ന് ശരീരമാകുകയും ദൈവജനമായി രൂപം പ്രാപിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ പങ്കുകാരാകുന്നവരാണ് അല്മായർ. എന്നാൽ ഈ അൽമായർക്ക് അർഹമായ പരിഗണന ഇന്നത്തെ സഭാ സംവിധാനത്തിൽ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. അൽമായ ശാക്തീകരണം എന്നത് വെറും അധര പ്രഘോഷണം മാത്രമാക്കാതെ, അവരെ വളർത്തുന്നതിനും അംഗീകരിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ വേണം.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആധുനീക സഭാ ദർശനത്തിൽ സഭയുടെ വളർച്ചയ്ക്ക് അൽമായ നേതൃത്വത്തിന്റെ ആവശ്യകതയും അവിഭാജ്യതയും ഊന്നിപ്പറയുന്നുണ്ട്. ഈ ദർശനം സ്വാംശീകരിച്ചുകൊണ്ട് തിരുവനന്തപുരം പ്രാദേശീകസഭയിൽ കോവിഡാനന്തര സഭാ പ്രവർത്തനങ്ങൾ സജീവവും ഊർജസ്വലവുമായി മുന്നോട്ടു പോകണമെങ്കിൽ അൽമായ നേതൃത്വത്തെ പൗരോഹിത്യ നേതൃത്വത്തോട് തോളോട് തോൾ ചേർത്ത് നിർത്തുകയോ സമാന്തരമായി പരിഗണിക്കുകയോ ചെയ്യുന്ന ഒരു പ്രായോഗിക Paradigm Shift (മാതൃകാമാറ്റം) എല്ലാ ശുശ്രൂഷകളിലും ബോധപൂർവം നടപ്പിലാക്കുന്ന അൽമായ അജപാലന സമിതിക്ക് രൂപം നൽകണം. ആവശ്യമെങ്കിൽ ഇതിലേക്കായി ഒരു കോവിഡാനന്തര അതിരൂപത സിനഡ് വിളിച്ചുചേർത്ത് ചർച്ച ചെയ്യാനും നേതൃത്വം തയ്യാറാകണം.

കോവിഡാനന്തര ഈ കാലഘട്ടത്തിൽ ബിസിസി യോഗങ്ങൾ സാധാരണ രീതിയിൽ കൂടുവാൻ കഴിയുന്നതുവരെ ഓരോ യൂണിറ്റിലെയും 9 പേർ വരുന്ന നേതൃത്വനിര കൃത്യമായി യോഗം കൂടി കൂട്ടായ്മകളുടെ ചൈതന്യവും പ്രവർത്തനക്ഷമതയും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണം. പ്രസ്തുത യോഗങ്ങളിൽ സാമൂഹിക വിഷയങ്ങളും ചർച്ച ചെയ്യപ്പെടണം. ഓരോ ശുശ്രൂഷ സമിതിയുടെയും പ്രതിനിധികൾ പ്രസ്തുത സമിതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻഗണനാ ക്രമത്തിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യപ്പെടുകയും പരിഹാര നിർദ്ദേശങ്ങൾ/മാർഗങ്ങൾ കണ്ടെത്തുകയും വേണം. ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉന്നത വേദികളിലേക്ക് എത്തിക്കണം. ഇത്തരം യോഗങ്ങളിൽ ആവശ്യമെങ്കിൽ ബന്ധപ്പെട്ട ജനപ്രതിനിധികളെ പങ്കെടുപ്പിക്കണം. ബിസിസികൾ ശുശ്രൂഷാ സമിതി പ്രവർത്തനങ്ങളിലൂടെ ചലനാത്മകമാകണം.

ബിസിസി നേതൃത്വം പ്രാദേശിക ജനപ്രതിനിധികളുമായി നല്ല ബന്ധം സ്ഥാപിക്കണം. അവരുടെ സഹകരണത്തോടെ ആവശ്യമായ വികസന-ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കണം. യുവജനങ്ങളെ പൊതുരംഗത്തേക്കും രാഷ്ട്രീയ രംഗത്തേക്കും വളർത്താനുള്ള വേദികളായി കൂടെ ബിസിസികളുടെ പ്രവർത്തനം വിപുലപ്പെടുത്തണം. അതോടൊപ്പം തന്നെ +2 പാസായ എല്ലാ യുവജനങ്ങളെയും സംസ്ഥാന, കേന്ദ്ര സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലി നേടുന്നതിനുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കണം. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തണം. സമുദായത്തിന്റെ ഇന്നത്തെ പിന്നോക്ക അവസ്ഥയിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വളർത്തുന്നതിനുള്ള പ്രാഥമിക കളരികളായി ബിസിസികൾ വർത്തിക്കണം. അൽമായ ശുശ്രൂഷാ നേതൃത്വം എല്ലാ ശുശ്രൂഷകളുടെയും ഏകോപനവും ശാക്തീകരണവും ഉത്തരവാദിത്വമായി ഏറ്റെടുക്കണം.

അങ്ങിനെ ഈ കോവിഡാനന്തരകാലഘട്ടം ശുശ്രൂഷാ സമിതി പ്രവർത്തനങ്ങളിലൂടെ കൂടുതൽ സജീവമായി, സമൂഹത്തിലേക്കിറങ്ങി, ഫ്രാൻസിസ് മാർപാപ്പ ലക്ഷ്യം വയ്ക്കുന്നതുപോലെ, ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി എല്ലാ സഹോദരങ്ങൾക്കും ഇവിടെ സന്തോഷത്തോടും സമാധാനത്തോടും ജീവിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

*(തിരുവനന്തപുരം അതിരൂപത അൽമായ ശുശ്രൂഷാ സമിതി ഡയറക്ടർ റവ. ഫാ. തിയോഡേഷ്യസ് ഡിക്രൂസ്, കെ.ആർ.എൽസിസി സെക്രട്ടറി ആന്റണി ആൽബർട്ട് എന്നിവരുമായി ചർച്ച ചെയ്ത് തയ്യാറാക്കിയത്.)*



# ബിസിസികളിൽ പങ്കാളിത്ത ശുശ്രൂഷയിലൂടെ വിരിയുന്ന ദൈവരാജ്യം

**മോൺ. ഡോ. നിക്കൊളാസ് ടി.**

## ആമുഖം

സഹനത്തിന്റെ നൂറ്റാണ്ടുകൾ പിന്നിട്ട സഭ ഇന്നും സഹനങ്ങളിലൂടെയാണ് കടന്നുപോകുക. സഭയേയും സഭാശുശ്രൂഷകരെയും അവഹേളിക്കാനും അവഗണിക്കാനും അവസരം കാത്ത് ചിലരൊക്കെ പതിയിരിക്കുന്നു. ഇടയനെ അടിച്ചാൽ ആടുകൾ ചിതറിപ്പോകും എന്ന് കരുതിത്തന്നെയാണ് അവർ അടിക്കുന്നത്. അന്തഛിദ്രമുള്ള കുടുംബവും നശിച്ചുപോകുമെന്ന് യേശു ഓർമ്മിപ്പിക്കുന്നു.

സഭയിൽ അധികാരം ശുശ്രൂഷയാണ്. അത് കുഞ്ഞാടുകളെ മേയ്ക്കലാണ് (യോഹ. 21:15). സഭാ സമൂഹത്തെ, ലോകത്തെ ദൈവോന്മുഖമാക്കി വളർത്താനുള്ള ഊന്നുവടിയാണ് അധികാരം അഥവാ ശുശ്രൂഷ. യേശുവിന്റെ മനസ്സോടും മനോഭാവത്തോടും കൂടി നോക്കിയാൽ 'ഈ അധികാരം' ശുശ്രൂഷയാകും. ഇങ്ങനെയല്ലെങ്കിൽ അധികാരം എന്ന ഊന്നുവടി ഊരാക്കുടുക്കാകുകയും ചെയ്യും. ശുശ്രൂഷിക്കുവാനാണ് സഭ നിലനിൽക്കുന്നത്. ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവരാനുള്ള സഭയുടെ ഊന്നുവടിയായ ശുശ്രൂഷ 'അധികാര' സ്ഥാനത്തിരിക്കുന്നവർക്ക് ദൈവം നൽകിയതാണ്. ഈ അധികാരം അഥവാ ശുശ്രൂഷ ദൈവജനത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അൽമായർക്ക് കൂടി പങ്ക്വച്ച് നൽകുന്നു. ഈ ശുശ്രൂഷയുടെ വേദപുസ്തകാടിസ്ഥാനത്തിലൂടെ കടന്ന് ശുശ്രൂഷകർക്കുണ്ടാകേണ്ട ഗുണഗണങ്ങളിലൂടെയുള്ള യാത്രയാണിവിടെ സമാരംഭിക്കുക.

## എഴുപത് വിശ്വാസമൂപ്പന്മാർ

ഫറവോയുടെ അടുക്കലേക്ക് മോശ പോകുന്നതിന് മുമ്പ് മൂപ്പന്മാരെ സമീപിക്കാൻ ദൈവം ആവശ്യപ്പെടുന്നു (പുറ. 3:16). 12 ഗോത്രങ്ങളിലും മൂപ്പന്മാരുണ്ടയിരുന്നു (സംഖ്യ 1:16, 13:2-3). ജെത്രോയുടെ ഉപദേശത്തോടുകൂടി മോശ ജനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത മൂപ്പന്മാർ "കഴിവും ദൈവഭയമുള്ളവരും സത്യസന്ധരും കൈ



**ഒരു ഗോതമ്പുമണിയിൽ നിന്ന് അനേകം ഗോതമ്പ് മണികൾ രൂപപ്പെടുന്നതു പോലെ ഒരാളുടെ ശുശ്രൂഷയിൽ നിന്ന് അനേകർ ദൈവരാജ്യത്തിലേക്ക് ജനിക്കണം. അനേകർക്കുവേണ്ടി ജീവൻ ബലിയായി നൽകുന്ന ശുശ്രൂഷാശൈലി രൂപപ്പെടണമെന്നാണ് യേശു ആഗ്രഹിക്കുന്നത് (മർക്കോ. 10:45).**

ക്കൂലി വെറുക്കുന്നവരും, ... നീതി നടത്തുന്നവരുമായിരുന്നു'' (പുറ. 18:21-25). മോശയും എഴുപത് ശ്രേഷ്ഠന്മാരും സമാഗമ കൂടാരത്തിന്റെ വാതിൽക്കൽ ചെന്ന് നിന്നു. ദൈവം സമാഗമ കൂടാരത്തിൽ നിന്ന് ഇറങ്ങിവന്നപ്പോൾ മോശയുടെ മേലുള്ള ചൈതന്യത്തിൽ നിന്ന് ഒരു ഭാഗമെടുത്ത് ശ്രേഷ്ഠരിലേക്ക് പകർന്നു. അവർ ഒരു പ്രാവശ്യം മാത്രം പ്രവചിച്ചു. (സംഖ്യ 11:16-17; 22-15).

## എഴുപത് പേർ

രോഗങ്ങളകലുന്ന ദൈവരാജ്യ പ്രഘോഷണത്തിന് യേശു എഴുപത് പേർക്ക് താല്കാലിക ദൗത്യം നൽകി അയച്ചു (ചില കൈയെഴുത്ത് പ്രതികളിൽ 72 എന്ന് കാണുന്നു (ലൂക്ക. 10:1-12). എഴുപത് പൂർണ്ണതയേയും അനന്തതയേയും സൂചിപ്പിക്കുന്നു. ദൈവരാജ്യ പ്രഘോഷണം യുഗാന്ത്യം വരെ നീണ്ടു നിൽക്കുന്നതാണ്. അതേ സമയം പ്രഘോഷണം പൂർണ്ണമായും മുഴുവനായും ചെയ്യണം എന്നർത്ഥവുമുണ്ട്. ദൈവരാജ്യ വേല ഭാഗികമല്ല, മറിച്ച് അത് പൂർണ്ണമായും ചെയ്യണം. ആദ്യം ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കണം (മത്താ.6:33), അതിൽ മാറ്റമില്ല. ബാക്കിയുള്ളതെല്ലാം പിന്നാലെ നൽകപ്പെടും.

ഇസ്രായേൽക്കാർ എഴുപത് വർഷം ബാബിലോണിൽ അടിമകളായിരുന്നു (ജെറ. 29:10). ദാനിയേലിന്റെ പ്രവാചക ദർശനം എഴുപത് ആഴ്ചകൾ നീണ്ടു നിന്നു (ദാനി. 9:24). എഴുപത് പേരും ഉന്നത നിലവാരം പുലർത്തണമെന്ന് ദൈവം ആഗ്രഹിച്ചു. എഴുപത് പേരും നീതി, എളിമ, വിശ്വസ്തത, കാരുണ്യം (മത്താ. 23:23), മുതലായവയിൽ അധിഷ്ഠിതമായ ദൈവരാജ്യശുശ്രൂഷ ചെയ്യണം.

## ഏഴ് ആത്മജ്ഞാനപൂരിതർ വഴി

ഗ്രീക്ക്കാരുടെ വിധവകൾ അവഗണിക്കപ്പെട്ടപ്പോൾ ദൈവവചനശുശ്രൂഷയിലൂടെ രൂപപ്പെടുന്ന ഭക്ഷണമേശയിലേക്ക് ശ്രദ്ധവന്നു. സുസമ്മതരും ആത്മാവും ജ്ഞാനവും നിറഞ്ഞ നേതൃത്വം രൂപപ്പെട്ടു. അപ്പസ്തോലന്മാരുടെ പ്രാർത്ഥനയും കൈവയ്പും വഴി അവർ അപ്പസ്തോലന്മാരുടെ സഹായികളായി. വിശ്വാസം വളർന്നു. ശിഷ്യരുടെ എണ്ണം വർദ്ധിച്ചു. പുരോഹിതരിൽ വളരെപ്പേർ വിശ്വാസം സ്വീകരിച്ചു (നട. 6:1-7).

## വിശ്വാസമൽപ്പിടുത്തം

ഇന്നിന്റെ ദൈവരാജ്യശുശ്രൂഷ വിശ്വാസ മൂപ്പന്മാരാൽ നയിക്കപ്പെടണം. കാരണം, വിശ്വാസം പക്വത പ്രാപിക്കുക ദൈവവുമായുള്ള മൽപ്പിടുത്തത്തിലാണ് (ഉല്പ. 32:22-32). അബ്രഹാമും യാക്കോബും മാത്രമല്ല, വിശ്വാസ ജീവിതത്തിലേക്ക് വരുന്ന എല്ലാവരും ഈയൊരനുഭവത്തിലൂടെ കടന്നുപോകണം. വളരുംതോറും ലഭ്യമാകുന്ന ബൗദ്ധിക വൈകാരിക അറിവുകൾ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലൂടെ കടന്നു പോകുമ്പോൾ വിശ്വാസം ജീവിതത്തോടും ജീവിതം വിശ്വാസത്തോടും ചോദ്യങ്ങൾ ചോദിക്കും. അതുവഴിയാണ് ജീവിതം പക്വത പ്രാപിക്കുന്നത്.

വിശ്വാസപക്വത പ്രാപിച്ചവർക്കേ മറ്റുള്ളവരെ വിശ്വാസത്തിലേയ്ക്ക് നയിക്കാൻ കഴിയുകയുള്ളൂ. അന്ധൻ അന്ധനെ വഴിനടത്തിയാൽ ഇരുവരും കുഴിയിൽ വീഴും. ജീവിതമൂപ്പ് വിശ്വാസ മൂപ്പിലേയ്ക്കും, വിശ്വാസമൂപ്പ് ജീവിതമൂപ്പിലേയ്ക്കും കടത്തിവിട്ടവരുടെ നേതൃത്വശൈലി പക്വതയുള്ളവയായിരിക്കും.

വിശ്വാസത്തിന്റെ വിശകലനം ആരാഞ്ഞാൽ പറഞ്ഞുകൊടുക്കാൻ



കഴിയുന്നവരാകണം ദൈവരാജ്യശുശ്രൂഷയിലുള്ളവർ (1 പത്രോ. 3:15). അവർ യേശുവിന്റെ പീഡാസഹനത്തിൽ അനുദിനം പങ്കുചേരുന്നവരുമായിരിക്കണം (1 പത്രോ. 5:11). ജനശബ്ദത്തിൽ ദൈവീക ശബ്ദമുണ്ടെങ്കിൽ അത് തിരിച്ചറിയാൻ അവർക്ക് ആത്മപ്രചോദനവും, ഉൾവിളിയുമുണ്ടാകും.

അനാഥർ, വിധവകൾ, പരദേശികൾ അവസാനത്തെ വ്യക്തികൾ, അവഗണിക്കപ്പെട്ടവർ, നഷ്ടപ്പെട്ടവർ (ലൂക്കാ. 15) "ദരിദ്രർ, ബന്ധിതർ, അന്ധർ, അടിച്ചമർത്തപ്പെട്ടവർ, വിശപ്പ് സഹിക്കുന്നവർ, കരയുന്നവർ, പീഢയനുഭവിക്കുന്നവർ, കുരുടർ, മുടന്തർ, കുഷ്ഠരോഗികൾ, ചെകിടർ, മരിച്ചവർ, വികലാംഗർ" (ലൂക്കാ. 4:18; 6:20–22; 7:22; 14:13;14:21).*[1] മുതലായവയവരാണ് ദൈവരാജ്യത്തിലെ പ്രമുഖർ. അവർക്കാണ് ദൈവരാജ്യം നൽകേണ്ടത്. അവരിൽ ഒരാളെപ്പോലും നഷ്ടപ്പെടുത്തുവാൻ പാടില്ല (യോഹ. 6:39; 18:9). അക്കാരണത്താൽ ദൈവരാജ്യശുശ്രൂഷ ലഭിക്കാൻ അവർക്ക് മുൻഗണനയുണ്ട്. ദൈവരാജ്യ നീതി രൂപപ്പെടുവാൻ എഴുപത് വിശ്വാസ മൂപ്പന്മാർ മോശയുടെ സഹകാരികളായി വർത്തിക്കുന്നു. മോശയോടൊപ്പം ദൈവരാജ്യപ്രമുഖരെ ചുമലിലേറ്റുന്നവരാണവർ. മോശ ഒറ്റയ്ക്കല്ല മറിച്ച് എഴുപത് മൂപ്പന്മാർ മോശയോടൊപ്പം സഹകരിക്കുന്നു. സഹായിക്കുന്നു (സംഖ്യ. 11:17–18).

യാഹ്‌വേയുടെ പാവപ്പെട്ടവർക്ക് യാഹ്‌വേയുടെ രാജ്യം സമീപിച്ചിരിക്കുന്നുവെന്നും, അത് പുലരുന്നുവെന്നും വാക്കിലൂടെയും പ്രവർത്തിയിലൂടെയും അറിയിക്കുന്ന എഴുപത് ശിഷ്യന്മാർ. ദൈവരാജ്യപ്രമുഖർ അവഗണിക്കപ്പെടുമ്പോൾ അവരെ കരുതാൻ പ്രാപ്തി ഉള്ളവരാണവർ. മേൽപ്പറഞ്ഞവർക്ക് (70+70+7) ദൈവം തന്റെ ആത്മചൈതന്യം പകർന്നു നൽകി. അവരെ ദൈവത്തിന്റെ മനസ്സിനിണങ്ങിയ ഇടയന്മാരാക്കി നൽകി. ദൈവചൈതന്യത്താൽ ജ്വലിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നവരാണ് ശുശ്രൂഷകർ. ശുശ്രൂഷ നൽകുമ്പോൾ ജീവിതം മോചനദ്രവ്യമായി സമർപ്പിക്കുവാൻ സദാസന്നദ്ധരാണിവർ.

## ജീവിതം ബലിയാക്കൽ

ഗോതമ്പ് മണിപോലെ ചതഞ്ഞരഞ്ഞ് രൂപഭാവം നഷ്ടപ്പെട്ട് ശുശ്രൂഷ ചെയ്യാൻ ക്രൈസ്തവൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപമാനം, നിന്ദനം, പീഢനം, തുപ്പ്, തല്ല്, പരിഹാസം മുതലായവ ഉണ്ടാകും (മത്താ. 16:21; 17:22–23; 23:17–19). ഒരു ഗോതമ്പുമണിയിൽ നിന്ന് അനേകം ഗോതമ്പ് മണികൾ രൂപപ്പെടുന്നതുപോലെ ഒരാളുടെ ശുശ്രൂഷയിൽ നിന്ന് അനേകർ ദൈവരാജ്യത്തിലേക്ക് ജനിക്കും. അനേകർക്കുവേണ്ടി ജീവൻ ബലിയായി നൽകുന്ന ശുശ്രൂഷാശൈലി രൂപപ്പെടണമെന്നാണ് യേശു ആഗ്രഹിക്കുന്നത് (മർക്കോ. 10:45). എല്ലാവരും കൈവിടുന്ന ഗദ്സമെൻ തോട്ടവും അപമാനത്തിന്റെ കാൽവരിയിലേയ്ക്കുള്ള വഴിയും പ്രകോപനങ്ങളുടെ ശരശയ്യയിലാകുമ്പോഴുള്ള കാൽവരിയും മുന്നിൽ കണ്ട യേശു (ലൂക്കാ. 22:33–43; യോഹ. 19:17) ഓശാന ഞായറിൽ തന്റെ ജീവിതത്തെ ഗോതമ്പു മണിയോട് ചേർത്ത് ഉപമിച്ചുകൊണ്ട് ക്രൈസ്തവശുശ്രൂഷയുടെ അർത്ഥവും ആഴവും വ്യക്തമാക്കി.*[2]

*(തുടരും)*

**[1] (കുര്യൻ വാലുപറമ്പിൽ, ലൂക്കായുടെ സുവിശേഷ ഭാഷ്യം: പഠനങ്ങളും ഭാഷ്യവും, ജീവൻ ബുക്ക്സ്, ഭരണങ്ങാനം, 2003, പേജ് 193.)*

**[2] (ജോസഫ് റാറ്റ്സിംഗർ ബെനഡിക്ട് XVI മാർപാപ്പ, നസ്രത്തിലെ യേശു, രണ്ടാം വാല്യം വിവ: ജേക്കബ് പറപ്പള്ളി, ജോസ് മാണിപ്പറമ്പിൽ, ബിബ്ലിയ, ആളൂർ 2011, പേജ് 441)*









# കാർഷിക നിയമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

**ഫാ. യൂജിൻ എച്ച്. പെരേര**

**വിളകൾക്ക് മികച്ച വില ലഭിക്കുന്നതിന് വിലപേശലിനോ ശേഷിയില്ലാത്ത കോടിക്കണക്കിന് കർഷകരെ സഹായിക്കാനാണ് പുതിയ നിയമം എന്നാണ് സർക്കാർ വാദം. കാർഷികോൽപ്പനങ്ങൾക്ക് നിലനിൽക്കുന്ന താങ്ങുവില (എംഎസ്പി – മിനിമം സപ്പോർട്ട് പ്രൈസ്) പിൻവലിച്ച് സ്വതന്ത്ര വിപണിയിലേക്ക് കർഷകരെ തള്ളിവിടുമ്പോൾ കോർപ്പറേറ്റ് ഭീമന്മാരുടെ ആധിപത്യമാണുണ്ടാവുക.**

അന്നദാതാക്കളായ കർഷകർ രാജ്യതലസ്ഥാനത്തും വിവിധ സംസ്ഥാനങ്ങളിലും നടത്തിവരുന്ന ഐതിഹാസികമായ സമരം 65 ദിവസങ്ങൾ പിന്നിടുകയാണ്. രാജ്യത്തെ സമസ്ഥ മേഖലകളെയും വമ്പൻ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതിനായി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ആസൂത്രിതമായ നീക്കത്തിന്റെ ഭാഗമാണ് കഴിഞ്ഞ പാർലമെന്റ് പാസാക്കിയ നിയമങ്ങളെല്ലാം. ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ടും, രാജ്യസഭാംഗങ്ങളെ സസ്പെൻഡ് ചെയ്തുകൊണ്ടും, സംസ്ഥാനങ്ങളുടെ അധികാരത്തിൽ കയ്യേറ്റം നടത്തിക്കൊണ്ടുമാണ് കാർഷിക നിയമങ്ങൾ പാസാക്കിയത്. കൊറോണ മഹാമാരി ലോകം മുഴുവനും സംഹാരതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കോടാനുകോടി തൊഴിലാളികളെയും, കർഷകരെയും ബാധിക്കുന്ന നിയമങ്ങൾ പാസാക്കിയത് എന്നത് വിരോധാഭാസമാണ്. ഈ കരിനിയമങ്ങളാണ് ഇന്ന് രാജ്യത്തെ പരമോന്നത നീതിപീഠത്തിന്റെ രൂക്ഷ വിമർശനത്തിനും, നിർത്തിവയ്ക്കൽ ഉത്തരവിനും വിധേയമായിരിക്കുന്നത്. കൊടും തണുപ്പിൽ സമരം ചെയ്യുന്ന കർഷകരിൽ അമ്പതിലേറെ പൗരന്മാർ മരണമടഞ്ഞെങ്കിലും ഒരു കൂസലുമില്ലാതെ മുന്നോട്ടുപോകുന്ന ഭരണ സംവിധാനം വലിയ ആശങ്ക ഉയർത്തുകയാണ്. ഈ സന്ദർഭത്തിൽ കർഷക നിയമങ്ങൾ ഉയർത്തുന്ന വെല്ലുവിളികളുടെ

ഉത്തരങ്ങളിലേക്ക് കടക്കുകയാണ്.

## കാർഷികോൽപ്പന വ്യാപാര–വാണിജ്യ (പ്രോത്സാഹനവും സൗകര്യമൊരുക്കലും) നിയമം

കാർഷിക വിളകൾ ഇഷ്ടാനുസരണം സ്വതന്ത്ര വിപണിയിൽ വിൽക്കാൻ കർഷകർക്ക് അവസരം നൽകുന്നതാണ് നിയമം. ഉൽപ്പാദനം മെച്ചപ്പെടുത്താൻ കുടുതൽ മുതൽ മുടക്കിനോ, വിളകൾക്ക് മികച്ച വില ലഭിക്കുന്നതിന് വിലപേശലിനോ ശേഷിയില്ലാത്ത കോടിക്കണക്കിന് കർഷകരെ സഹായിക്കാനാണ് പുതിയ നിയമം എന്നാണ് സർക്കാർ വാദം. കാർഷികോൽപ്പന്നങ്ങൾക്ക് നിലനിൽക്കുന്ന താങ്ങുവില (എംഎസ്പി - മിനിമം സപ്പോർട്ട് പ്രൈസ്) പിൻവലിച്ച് സ്വതന്ത്ര വിപണിയിലേക്ക് കർഷകരെ തള്ളിവിടുമ്പോൾ കോർപ്പറേറ്റ് ഭീമന്മാരുടെ ആധിപത്യമാണുണ്ടാവുക. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ വിപണിയായ മണ്ടികളെ (എപിഎംസി - അഗ്രികൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി) ഇല്ലായ്മ ചെയ്യുന്നതിലൂടെ ലോക വ്യാപാര സംഘടന (ഡബ്ല്യുറ്റിഒ) യുടെ നിർദ്ദേശപ്രകാരം സർക്കാർ ഈ രംഗത്തുനിന്ന് പൂർണമായി പിന്മാറുകയും കരാർ വ്യവസ്ഥിതിയിലേക്ക് മാറുകയും ചെയ്തു. നിലനിൽപ്പിന്റെ ഭീഷണിയിൽ കഴിയുന്ന ലക്ഷക്കണക്കിന് കർഷകരാണ് കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്നത്. ഈ നിയമം നടപ്പിലാക്കുന്നതിലൂടെ കർഷകരുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകും.

## വില ഉറപ്പിക്കുന്നതിനും കാർഷിക സേവനങ്ങൾക്കുമുള്ള (ശാക്തീകരണ – സംരക്ഷണ) കരാർ നിയമം

കേരളത്തിലെ കർഷകരുടെ മുന്നിൽ ഇടിത്തീ പോലെ നിൽക്കുന്ന വിളയാണ് വാനില. വൻ വാഗ്ദാനങ്ങളുമായി വൻ കോർപ്പറേറ്റുകളുടെ പ്രലോഭനത്തിൽ റബർ വൃക്ഷങ്ങൾ പോലും വെട്ടിമാറ്റി വാനില കൃഷിചെയ്ത കർഷകർ, വാഗ്ദാനം ചെയ്ത വില ലഭിക്കാതെ വന്നപ്പോൾ വൻകടക്കെണിയിൽപെട്ടു. ഇതുപോലെ വാഗ്ദാനങ്ങൾ നൽകി കർഷകരെ മോഹിപ്പിച്ച് കൃഷിഭൂമിയും ഉൽപ്പാദനവും കരാറടിസ്ഥാനത്തിലാക്കുന്ന, വേണ്ടത്ര നിയമപരിരക്ഷപോലും ഉറപ്പാക്കാത്ത, ഈ നിർദ്ദേശങ്ങൾ വലിയ കെണിയാണ്.


**കോർപ്പറേറ്റ് അധിപന്മാരുടെ ഇംഗിതത്തിന് വഴങ്ങി ഭൂമി, കൃഷി, കൃഷിയിടങ്ങൾ, കാർഷികോൽപ്പന്നങ്ങൾ, അതിന്റെ സംസ്കരണവും വ്യാപാരവും, വാണിജ്യവും തുടങ്ങി സമസ്ഥ മേഖലകളെയും അടിയറവ് വയ്ക്കുന്ന നിയമങ്ങളുടെ കെണി മനസ്സിലാക്കിക്കൊണ്ടാണ് ലക്ഷക്കണക്കിന് കർഷകർ, 'വിജയം അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യവുമായി രാജ്യതലസ്ഥാനത്ത് തമ്പടിച്ചിരിക്കുന്നത്.**

## അവശ്യ സാധന ഭേദഗതി നിയമം

1955 ലെ അവശ്യ സാധന നിയമത്തിൽ ഭേദഗതി വരുത്തി ഏത് ഉൽപ്പന്നവും ഏത് സമയത്തും എത്രവേണമെങ്കിലും വാങ്ങാനും, അവയെ സ്റ്റോക്ക് ചെയ്യാനും നിയമം അനുവദിക്കുന്നു. ഈ നിയമഭേദഗതി വഴി പൂഴ്ത്തിവയ്പും, കരിഞ്ചന്തയും സംജാതമാകും. തൽഫലമായി കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കർഷകന് പോലും വലിയവില നൽകി ഭക്ഷണസാധനങ്ങൾ വാങ്ങേണ്ട സ്ഥിതി ഉണ്ടാകും. കൂടാതെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും വ്യാപകമായി കൊള്ളലാഭമുണ്ടാക്കുകയും ചെയ്യും. ഇതിലൂടെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷതന്നെ അവതാളത്തിലായിത്തീരും.


കോർപ്പറേറ്റ് അധിപന്മാരുടെ ഇംഗിതത്തിന് വഴങ്ങി ഭൂമി, കൃഷി, കൃഷിയിടങ്ങൾ, കാർഷികോൽപ്പന്നങ്ങൾ, അതിന്റെ സംസ്കരണവും വ്യാപാരവും, വാണിജ്യവും തുടങ്ങി സമസ്ഥ മേഖലകളെയും അടിയറവ് വയ്ക്കുന്ന നിയമങ്ങളുടെ കെണി മനസ്സിലാക്കിക്കൊണ്ടാണ് ലക്ഷക്കണക്കിന് കർഷകർ, 'വിജയം അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യവുമായി രാജ്യതലസ്ഥാനത്ത് തമ്പടിച്ചിരിക്കുന്നത്. ഈ കരിനിയമത്തിന് പിന്നാലെ മത്സ്യമേഖലയെ മുഴുവൻ വൻകിട കുത്തകകൾക്ക് തീറെഴുതാനായി തയ്യാറാക്കിയിരിക്കുന്ന ദേശീയ മത്സ്യബന്ധന നയവും വലിയ ആശങ്കയുളവാക്കുന്നു. സർക്കാരിന്റെ പിൻതുണ വേണ്ടത്ര ഇല്ലാതെ കോടിക്കണക്കിന് പൗരന്മാർക്ക് തൊഴിൽ നൽകുന്ന മത്സ്യത്തൊഴിലാളി സംസ്കാരത്തെ തുടച്ചുമാറ്റുന്ന നിർദ്ദേശങ്ങളാണ് മത്സ്യനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ തോത് കുറച്ചുകാണിച്ച് മത്സ്യത്തൊഴിലാളികളെ മറ്റ് മേഖലകളിലേക്ക് പുനരധിവസിപ്പിക്കാനുള്ള നിർദ്ദേശവും ദേശീയ മത്സ്യനയം മുന്നോട്ടുവയ്ക്കുന്നു. ഇന്നും കൃഷിമന്ത്രാലയത്തിന്റെ കീഴിൽ നിൽക്കുന്ന മത്സ്യമേഖലയെ സ്വതന്ത്ര മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന് പകരം ഈ മേഖലയെ തന്നെ പൂർണമായി കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതാണ് കരട് നയത്തിലെ നിർദ്ദേശങ്ങൾ.

രാജ്യത്തെ അന്നദാതാക്കളായ കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഉൽപ്പാദന, വിപണന മേഖലയെ ശിഥിലീകരിക്കുന്ന നയങ്ങൾക്കും, നിയമങ്ങൾക്കും എതിരെ പ്രതികരിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.



തുടർമഴ ........................ 18

ഫാ. ലെനിൻ ഫെർണാണ്ടസ്



# നൈർമല്യത്തിന്റെ നിയോഗം

**തോ**മസിനെയും അന്ത്രയോസിനേയുമാണ് അവൻ ആ ദൗത്യം ഏൽപ്പിച്ചത്; “ആരും ഇതുവരെ കയറിയിട്ടില്ലാത്ത ഒരു കഴുതകുട്ടിയെ വഴിയിൽ നിങ്ങൾ കാണും അതിനെ ആഴിച്ചുകൊണ്ടുവരിക.” ഗുരുവിന്റേത് ഒരിക്കലും പാഴ്‌വാക്കുകളല്ലോ അത് ഇതിനകം അവർക്ക് ബോധ്യമായ കാര്യവുമാണ്. എന്തിനാകും ആരും കേറിയിട്ടില്ലാത്ത കഴുതക്കുട്ടി, മനസ്സിലാകുന്നേ ഇല്ല. അവർ ഇരുവരുടേയും ഇടയിൽ അധിക സംസാരമില്ല. പ്രപഞ്ചം തന്നെ ശോകാർദ്രം. എന്തൊക്കെയോ ദുരന്തങ്ങൾക്ക് സാധ്യതയുള്ള ഭാവമാറ്റങ്ങൾ അന്തരീക്ഷത്തിൽ അലതല്ലുന്നു. ബഥാനിയാക്കടുത്തുള്ള ‘ബത്ഫെഗാ’ എന്ന ഗ്രാമത്തിലായിരുന്നു അവരപ്പോൾ.

ദാ, ദൂരെ കഴുത്തിൽ കെട്ടിയ മണിയിട്ടിളക്കി, ഞാനിവിടെയുണ്ട് – ഞാനിവിടെയുണ്ട് എന്നു പറയുംമാതിരി ആ കഴുതക്കുട്ടി തുള്ളിച്ചാടുകയായിരുന്നു. തോമസിന്റെയും അന്ത്രയോസിന്റെയും മുഖത്ത് ചിരിവിടർന്നു. “അതുതന്നെ – അതുതന്നെ ഗുരു പറഞ്ഞ കഴുതക്കുട്ടി” തോമസ് പിറുപിറുത്തു. അവരുടെ പാദങ്ങൾ ആ നിർമല ജീവിയുടെ പക്കലേക്ക് ചലിച്ചു. ആ കഴുതകുട്ടിയുടെ ഉത്സാഹം കണ്ടില്ലേ. അവൻ യഥാർത്ഥത്തിൽ അകക്കണ്ണുകൊണ്ട് എന്തൊക്കെയോ കാണുന്നുണ്ട്.

എന്നെ വേഗം കൊണ്ടുപോ എന്നും പറയും പോലെ അവൻ തുള്ളിച്ചാടുകയാണ്. ആ കഴുത ക്കുട്ടിയുടെ ജീവിത നിയോഗം പൂർത്തിയാകാൻ സമയമായി അതായിരുന്നു അതിന്റെ ഇളക്കത്തിന് കാരണം. ആരേയും ഒട്ടും ശ്രദ്ധിക്കാതെ വരും വരാ യ്കകളെക്കുറിച്ച് ഒട്ടും ചിന്തിക്കാതെ അവർ അതിന്റെ കെട്ടഴിച്ചു. കുറേ നാളായി പന്ത്രണ്ടു ശിഷ്യന്മാരും അങ്ങനെയാണ്. കഴിഞ്ഞവർഷം ഇതേ സമയത്ത് ആയിരക്കണക്കിന് മനുഷ്യരെ പുൽത്തകിടിയിൽ ഇരുത്തിയിട്ട് അപ്പവും രണ്ടു മീനും തന്നിട്ട് വിളമ്പാൻ ഗുരു പറഞ്ഞപ്പോഴും അവർ മുൻപിൻ നോക്കിയില്ല. അതവർക്കിപ്പോൾ ശീലമായി, ഗുരു പറയുന്നതെന്തോ അത് ചെയ്യു ക.

പെട്ടെന്നാണ് ഒരുവന്റെ ശബ്ദം കേട്ടത്, "ഹേ മനുഷ്യരെ നിങ്ങൾ എന്തുചെയ്യുന്നു, പട്ടാപ്പകൽ മോഷണമോ. കാഴ്ചയിൽ അനുഷ്ഠാനങ്ങൾ നിഷ്ഠയോടെ പാലിക്കുന്ന ഉത്തമ യഹൂദരെപ്പോ ലുണ്ടല്ലോ. കൈയെടുക്കുക ആരും ഇന്നേവരെ തൊട്ടിട്ടില്ലാത്ത എന്റെ ഉരുപ്പടിയിൽ നിന്ന്'' അയാൾ ഉച്ചത്തിലും കടുത്ത ദേഷ്യത്തിലുമാണ് അത് പറഞ്ഞുനിർത്തിയത്. തോമസിന് കടുത്ത ഈർഷ്യത ഉണ്ടായെങ്കിലും അന്ത്രയോസാണ് ആ സന്ദർഭം തന്മയത്വത്തോടെ കൈകാര്യം ചെയ്ത ത്. അന്ത്രയോസ് പറഞ്ഞു, "എന്റെ പ്രിയപ്പെട്ട സഹോദരാ ഞങ്ങൾ മോഷ്ടാക്കളല്ല. ഞങ്ങളുടെ ശ്വാസം നിലയ്ക്കുവോളം ആരുടേയും സ്വത്ത് അന്യായമായി സ്വന്തമാക്കുകയും ഇല്ല. ആരും ഇന്നേവരെ ഉപയോഗിച്ചിട്ടില്ലാത്ത ഒരു കഴുതക്കു ട്ടിയെ നിങ്ങൾ കാണും. അതിനെ അഴിച്ചുകൊണ്ടു വരിക എന്ന് ഞങ്ങളോട് പറഞ്ഞത് ഞങ്ങളുടെ ഗുരുവാണ്. ഞങ്ങളുടെ ഗുരുവിനെ ഈ കഴുത ക്കുട്ടിപോലും തിരിച്ചറിഞ്ഞു. പിന്നെന്തേ നീ അറി യാത്തത്''

കെട്ടഴിക്കപ്പെടാനുള്ള ആ കഴുതക്കുട്ടിയുടെ ആവേശവും ഉത്സാഹവും കണ്ടപ്പോൾ തന്നെ ആ മനുഷ്യനു മനസ്സിലായി. ഇവരുടെ പിന്നിൽ ഏതോ ശക്തനായ ഒരു മനുഷ്യനുണ്ടെന്ന്. അയാൾ അവ രോട് ചോദിച്ചു, " റോമിനെതിരെ പടയൊരുക്കുന്ന ജറുസലേമിനെ ഇതിനകം ഇളക്കിമറിച്ചുകൊണ്ടി രിക്കുന്ന ഒരു നസ്രയനെ കുറിച്ചുകേട്ടു അയാ ളാണോ നിങ്ങളുടെ ഗുരു" "അതെ അതെ യേശു ക്രിസ്തു അവൻ തന്നെയാണ് ഞങ്ങളുടെ ഗുരു."

അയാൾ ആവേശത്തോടെ പറഞ്ഞു, "ഞാൻ ആ മനുഷ്യനെക്കുറിച്ച് അനേകം കാര്യങ്ങൾ കേട്ടി രിക്കുന്നു. രോഗികൾക്ക് സൗഖ്യം, ഹൃദയം നുറു ങ്ങിയവർക്ക് ആശ്വാസം, തിരസ്കൃതർക്ക് ആശ്ര യം, മരിച്ചവർ പോലും ഉറക്കത്തിലായിരുന്നു എന്നു പറഞ്ഞുകൊണ്ട് ജീവനിലേക്ക് അവൻ കൊണ്ടു വന്നു. ഇതെല്ലാം സത്യമാണോ പ്രിയ സഹോദര രേ, അതോ വല്ല കൺകെട്ടുവിദ്യയും കൈവശമു ള്ളവനാണോ നിങ്ങളുടെ ഗുരു." വീണ്ടും വെറി പിടിച്ച് പ്രകോപിതനായത് തോമസ് തന്നെ. ഇത്ത വണ അനുനയിപ്പിക്കുന്ന പതിവ്സംഭാഷണ ങ്ങൾക്ക് ഇടകൊടുക്കാതെ തോമസ് തന്നെ തിരി ച്ചടിച്ചു, "ഹേ മനുഷ്യാ ചാവുകടലിലെ ഉപ്പുവെള്ളം കേറി നിങ്ങളുടെ ബുദ്ധിക്ക് എന്തെങ്കിലും തകരാ റുപറ്റിയോ അതോ അർഹിക്കാത്തതൊക്കെ കൈയിലുള്ളതിന്റെ തികഞ്ഞ ഗർവോ നിനക്ക്. എന്റെ ഗുരുവിന്റേത് ഇന്ദ്രജാലമൊന്നുമല്ല അവൻ മിശിഹായാണ്. നമ്മളൊക്കെ കാത്തുകാത്തിരി ക്കുന്ന രക്ഷകൻ. അറിയുമോ നിനക്ക് ഞങ്ങൾ വരുന്ന വഴിയിൽ ജറീക്കോയിൽ വച്ച് ഒരു അന്ധൻ അവന്റെ സ്വരം തിരിച്ചറിഞ്ഞ്, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ എന്നാണ് നിലവിളിച്ചത്. നിനക്ക് കണ്ണുണ്ടായിട്ടും കാതുണ്ടായിട്ടും നീ ഒന്നും അറിയുന്നില്ല. ഈ മിണ്ടാപ്രാണി കണ്ടില്ലേ ഇപ്പോഴും അവനെ കാണാനായി കലമാനിനെ പ്പോലെ തുള്ളിച്ചാടുന്നത്."

ശരിയാണ് ആ കഴുതക്കുട്ടി തുള്ളിച്ചാടുക തന്നെയാണ് ചെയ്യുന്നത്. ആ കാഴ്ച കണ്ട് ആ മനുഷ്യൻ തീർത്തും മൗനിയായി.

ഒടുവിൽ തന്റെ കഴുതക്കുട്ടിയോടൊപ്പം സുദൃഢമായ കാൽവയ്പുകളോടെ നടന്നു നീങ്ങുന്ന ആ രണ്ടുമനുഷ്യരുടേയും നടത്ത ത്തിന്റെ ചന്തം നോക്കി ആ മനുഷ്യൻ കണ്ണിമവെ ട്ടാതെ അങ്ങനെ നിന്നു. അവന്റെ മനോമണ്ഡലം തീക്കൂന കൂട്ടി. അവൻ തിരിച്ചറിയുന്നു കഴുത കുട്ടി യേയും കൊണ്ട് നടന്നുപോകുന്ന ആ രണ്ടു മനു ഷ്യരും യേശു എന്ന നസ്രത്തുകാരനിൽ അതി യായി വിശ്വസിക്കുന്നു എന്ന്. അവൻ തിരിച്ചറിയുന്നു അവരുടെ ഗുരു മനുഷ്യരുടെ മാത്രമല്ല, മൃഗങ്ങളു ടെയും ചെടികളുടെയും പ്രപഞ്ചത്തിലെ സർവ ചരാചരങ്ങളുടെയും ആത്മാവിനെ തൊട്ടറിയുന്നവ നാണെന്ന്. അവൻ തിരിച്ചറിയുന്നു അവനിൽ തന്നെ എന്തൊക്കെയോ മാറ്റങ്ങൾ സംഭവിക്കുന്നുവെന്ന്. അന്ന് രാത്രി അവന് ഉറങ്ങാൻ കഴിഞ്ഞില്ല, വല്ലാത്ത ദാഹം. ഹൃദയം ശക്തമായി ഇടിക്കുന്നതുപോലെ. ഉള്ളിൽ ഭയം ഇല്ലെങ്കിലും പറഞ്ഞറിയിക്കാൻ കഴി യാത്ത ഒരസ്വസ്ഥത. അടുത്ത ദിനം മധ്യാഹ്നമായ പ്പോൾ വലിയൊരാരവം കേട്ടാണ് അവൻ അവിടേ ക്കെത്തിയത്. അതാ കടലിരമ്പിവരും പോലെ ജന ക്കൂട്ടം ആടിയും പാടിയും "ഹോസാന ഹോസാന ദാവീദിൻ പുത്രന് ഹോസാന" എന്നാർപ്പ് വിളിച്ചു കൊണ്ട് മുന്നോട്ടുവരുന്നു. അപ്പോഴാണ് ആ കാഴ്ച അവൻ കണ്ടത്, അതാ തന്റെ സുന്ദരിയായ കഴുത കുട്ടിയുടെ പുറത്ത് അവൻ നസ്രായൻ യേശു ഒരു കുഞ്ഞാടിന്റെ നൈർമല്യത്തോടെ ചിരിച്ചുകൊണ്ടി രിക്കുന്നു. അവൻ അതാ എന്നെ തന്നെ നോക്കു ന്നു. ഇത്രയും ജനാവലിയുടെ മദ്ധ്യേ അവൻ എന്ന തിരിച്ചറിഞ്ഞുവോ. ആ നോട്ടം എന്താ അർത്ഥമാ ക്കുന്നത്. കഴുതക്കുട്ടിയെ കൊടുത്തതിലുള്ള നന്ദിയോ അതോ നീ എന്റെ പിന്നാലെ വരൂ എന്ന ക്ഷണമോ? ■






# ഫ്രത്തേല്ലി തൂത്തി.

# സർവരും സഹോദരർ

## ആമുഖം

റവ. ഡോ. തോമസ് ജെ. നെറ്റോ

ഫ്രാൻസിസ് പാപ്പയുടെ 'ഫ്രത്തേല്ലി തൂത്തി' ചാക്രിക ലേഖനം കാലിക പ്രസക്തമാണ്. മനുഷ്യവർഗം മുഴുവനേയും ഒരു കുടുംബമായി കാണാൻ പാപ്പ എല്ലാവരോടും ഇതിലൂടെ ആഹ്വാനം ചെയ്യുന്നു. ഇന്നത്തെ ലോകത്തിൽ സാഹോദര്യവും സാമൂഹ്യസൗഹാർദ്ദവും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളത്. കൂടുതൽ നീതിപൂർണവും സമാധാന നിർഭരവുമായ ഒരു ലോകം പടുത്തുയർത്താൻ പാപ്പ ചൂണ്ടിക്കാണിക്കുന്ന പ്രധാനമാർഗങ്ങളാണ് - സാഹോദര്യവും സാമൂഹിക സൗഹാർദ്ദവും.

2020 ഒക്ടോബർ 3 ന് ഇറ്റലിയിൽ വി. ഫ്രാൻസീസ് അസീസ്സിയുടെ കബറിടത്തിൽവച്ച് പാപ്പ ഇതിൽ ഒപ്പുവച്ചു. ഒരു ഹ്രസ്വ ആമുഖത്തിനു ശേഷം എട്ട് അധ്യായങ്ങളിലൂടെ പാപ്പ തന്റെ ചിന്തകൾ ലോകത്തോട് പങ്കുവയ്ക്കുന്നു. സൃഷ്ടാവിനോടുള്ള ഒരു പ്രാർഥനയോടും മറ്റൊരു സഭൈക്യ ക്രൈസ്തവ പ്രാർഥനയോടുകൂടി ഉപസംഹരിക്കുന്നു.

ഈ സാമൂഹിക ചാക്രിക ലേഖനത്തിന്റെ പ്രചോദനസ്രോതസ്സുകൾ പ്രധാനമായും രണ്ടെണ്ണമാണ്. ഒന്ന്, അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ (1181–1226) അതിർവരമ്പുകളെ അതിലംഘിക്കുന്ന സ്നേഹത്തിലധിഷ്ഠിതമായ പ്രബോധനവും കുരിശുയുദ്ധങ്ങളുടെ കാലത്ത് ഈജിപ്തിലെ സുൽത്താൻ മാലിക്-അൽ-കയിലിനെ ഹൃദയത്തുറവോടെ വിശുദ്ധൻ സന്ദർശിച്ച സംഭവവും. രണ്ട്, 2019 ഫെബ്രുവരിയിൽ ഫ്രാൻസിസ് പാപ്പയും അൽ-അസ്ഹറിലെ ഗ്രാൻഡ് ഇമാമും അബുദാബിയിൽ സംയുക്തമായി പുറപ്പെടുവിച്ച "മാനവ സാഹോദര്യത്തെക്കുറിച്ചുള്ള പ്രമാണരേഖ."

മറ്റുള്ളവരുടെ ചിന്തകളെ ഉൾക്കൊള്ളുന്ന സമീപനമാണ് പാപ്പയുടേത്. മാനവ സാഹോദര്യത്തേയും സാമൂഹിക സൗഹാർദ്ദത്തെയുംകുറിച്ചുള്ള തന്റെ സ്വന്തം ചിന്തകളോടൊപ്പം ലോകത്തിലുടനീളമുള്ള അനേകം വ്യക്തികളിലും കൂട്ടായ്മകളിലും നിന്ന് ലഭിച്ച അനേകം കത്തുകളും രേഖകളും പരിഗണനകളും ഇതിൽ ഉൾച്ചേർത്തിരിക്കുന്നതായി പാപ്പ വ്യക്തമാക്കുന്നു.


ക്രൈസ്തവബോധ്യങ്ങളിൽ നിന്നുകൊണ്ട് എഴുതുന്ന പാപ്പ തന്റെ ഈ വിചിന്തനത്തെ കത്തോലിക്കാ വിശ്വാസികൾക്കുവേണ്ടി എന്നതിനേക്കാൾ സന്മനസ്സുള്ള എല്ലാ ആളുകളുടെയും ഇടയിൽ സംവാദത്തിനുള്ള ഒരു ക്ഷണമായി മാറ്റാനും ശ്രമിച്ചിട്ടുണ്ട്.

"ജീവിതത്തെ ആർക്കും ഒറ്റയ്ക്ക് നേരിടാൻ കഴിയില്ല... നമ്മളെ പിൻതാങ്ങുകയും സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹം നമുക്കാവശ്യമാണ്." പാപ്പ ആമുഖത്തിൽ തന്റെ നിലപാട് വ്യക്തമാക്കുന്നു. മാത്രമല്ല, സഹോദരീ സഹോദരന്മാർ എന്ന നിലയിൽ ഒരുമിച്ച് സ്വപ്നം കാണാൻ എല്ലാവരെയും ക്ഷണിക്കുന്നു.

ചുരുക്കത്തിൽ ഓരോ മനുഷ്യവ്യക്തിയുടെയും അന്തസ്സ് അംഗീകരിക്കുന്നതുവഴി, സാഹോദര്യത്തിനുള്ള അഭിലാഷം എല്ലാവരിലും നവമായി ഉണർത്താനാകുമെന്ന് പാപ്പ പ്രത്യാശിക്കുന്നു. ■


കവിത

സിസ്റ്റർ രേഷ്മ തൈക്കാട്



# തിരു അത്താഴം

ഘോരമായൊരു ദിവ്യമുഹൂർത്തം
വന്നടല്ലേ എനിക്കായ്, എൻ വിധിയായ്
കാണുന്നില്ലേ, പിതാവെയെൻ അന്തരംഗം
മാറിമറിഞ്ഞിടും എൻ ജീവിത വിനായികയിൽ
ചാരെയണഞ്ഞു നിൽക്കുകയെൻ പാനപാത്രം
ഇനിയൊട്ടും വൈകരുത് നാഥാ!
ഇനിയൊട്ടും ശങ്കിക്കരുത് നാഥാ!
ശൂന്യമായെൻ ആത്മാവിൻ വീഥിയിൽ
ഒരു സാന്ത്വനമായ് അണയുമോ പിതാവേ,
ഇനി എത്രയെൻ ജീവിത ദൈർഘ്യം,
ഇനി എത്രയെൻ ജീവ സ്പന്ദനം
അരികിലിരിക്കുന്ന എൻ പ്രിയ ശിഷ്യനും
അരികിലായ് എന്നുടെ പാനപാത്രവും.
അസ്വസ്ഥമായെൻ അന്തരംഗം
വിവശനായ് തീരുന്നു നാഥാ
അറിയാതെയെൻ അന്തരാത്മാവിൽ–
ചങ്ങലയൊന്നു മുറുകിയോ!
നിന്ദിതനായ്, പീഡിതനായ് മുറിവേറ്റവൻ
കാണുന്നുഞാൻ ആ ദിവ്യസ്നേഹം.
അറിയുന്നു ഞാൻ നിൻ ആർദ്രതയും
കാൽവരിനാഥാ ക്രൂശിത രൂപാ
മൂകമാം രാത്രിയിൽ ഏകനായ് തീർന്നവൻ
ലോകത്തിൻ നൈപുണ്യമായ് മാറിയവൻ.



**കോവിഡാനന്തര കാലഘട്ടത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് മേനംകുളം സെന്റ് ജേക്കബ്സ് ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർഥികൾ നടത്തിയ സംവാദത്തിൽ ഉയർന്നുവന്ന ആശയങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കപ്പെടുന്നത്**

# കോവിഡാനന്തര കാലത്തെ വിദ്യാഭ്യാസരംഗം

**ഇഗ്നേഷ്യസ് തോമസ്**

കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസരംഗത്തുണ്ടായ പുതിയ സമ്പ്രദായങ്ങളും പഠനരീതികളും മലയാളികൾക്ക് പുതുമ നിറഞ്ഞതായിരുന്നു. പുതിയ പഠന രീതികൾ കുറ്റമറ്റതാണോ? നവീനത്വം ഏറെയുണ്ട്. അതോടൊപ്പം തന്നെ സാധ്യതകളുടെ വാതായനങ്ങളും തുറക്കപ്പെട്ടിരിക്കുന്നു. പരിമിതികൾ ഏറെയുണ്ട്. എങ്കിൽ തന്നെയും പുതിയ സംവിധാനങ്ങളുമായി അധ്യാപകരും വിദ്യാർഥികളും രക്ഷകർത്താക്കളും സമരസപ്പെട്ടു തുടങ്ങിയിരിക്കുന്നു.

കോവിഡാനന്തര വിദ്യാഭ്യാസം സാങ്കേതികവിദ്യയെ കുറെക്കൂടി വിദ്യാർഥികൾക്ക് പരിചിതമാക്കുകയും അറിവിന്റെ നൂതനമേഖലകൾ ചൂണ്ടിക്കാട്ടിക്കൊടുക്കുകയും ചെയ്തുവെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സ്നേഹാബേബി അഭിപ്രായപ്പെട്ടത്. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഓൺലൈൻ പഠനം ആരംഭിച്ചെങ്കിലും നല്ലൊരു ഭാഗം വിദ്യാർഥികളും അത് ശരിയായി പ്രയോജനപ്പെടുത്തി കാണുന്നില്ലെന്നാണ് അരുണിന്റെ പക്ഷം. മാത്രമല്ല, ചില വിദ്യാർഥികൾ ക്ലാസുകളുടെ മറവിൽ അപകടകരമായ ഗെയിമുകളും അശ്ലീല സൈറ്റുകളിലേക്കും ചെന്നുപെടുന്നതായി അരുൺ ചൂണ്ടിക്കാട്ടി.

വിദ്യാർഥികളുടെ മാനസികാവസ്ഥയെ കോവിഡ് ഏറെ ദോഷകരമായി ബാധിച്ചുവെന്നും വിഷാദരോഗ

ങ്ങളിലേക്ക് ആത്മഹത്യാ പ്രവണതകളിലേക്കും നയിക്കുന്നുവെന്ന് സംവാദത്തിൽ ഉയർന്നുകേട്ടു. എന്നാൽ ഓൺലൈൻ ദുരുപയോഗം കൊണ്ടുമാത്രമല്ല, മറ്റ് പലകാരണങ്ങളും കൊണ്ടാണ് ആത്മഹത്യകളും മനോരോഗങ്ങളും പെരുകുന്നതെന്ന് ശക്തമായ എതിർവാദങ്ങളും ഉണ്ടായി.

കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചതുവഴി വിദ്യാർഥികളിൽ സൃഷ്ടിക്കുമായിരുന്ന ശൂന്യതയെയും സംഘർഷങ്ങളും സംഘട്ടനങ്ങളും ഒരുപരിധിവരെ തടഞ്ഞുനിർത്താൻ ഇതുവഴി കഴിഞ്ഞുവെന്നാണ് കുമാരി സുജനിയുടെ സുചിന്തിതമായ അഭിപ്രായം. എന്നാൽ പഠനത്തിൽ ഏറ്റവും പ്രധാനപ്പെട്ട അധ്യാപക പിന്തുണ, മേൽനോട്ടം, പ്രോത്സാഹനം, സംശയനിവാരണം ഇതൊന്നും തന്നെ ഓൺലൈൻപഠനം വഴി വിദ്യാർഥിക്ക് ലഭ്യമാകുന്നില്ലെന്ന് നീന അഭിപ്രായപ്പെട്ടു.

ഓൺലൈൻ പഠനത്തിലൂടെ അധ്യാപകരുടെ സ്ഥാനം മാതാപിതാക്കൾ ഏറ്റെടുക്കുകയും കുട്ടികളെ കൂടുതൽ ശ്രദ്ധിച്ച് മികച്ച രീതിയിൽ പരിശീലിപ്പിക്കാൻ കഴിഞ്ഞു എന്നാണ് ചർച്ചയിൽ പങ്കെടുത്ത അരുവി അഭിപ്രായപ്പെട്ടത്. എന്നാൽ മാതാപിതാക്കൾക്ക് ഒന്നോ രണ്ടോ വിഷയത്തിൽ മാത്രം അറിവുണ്ടായിരിക്കുകയും മറ്റ് വിഷയങ്ങളിൽ അജ്ഞരായിരിക്കുകയും ചെയ്താൽ വിപരീതഫലമാണ് ഉളവാക്കുകയെന്ന് ചില വിദ്യാർഥികൾ ചൂണ്ടിക്കാട്ടി.

ഓൺലൈൻ ക്ലാസുകളിൽ എല്ലാ വിദ്യാർഥികൾക്കും പങ്കെടുക്കാനാകുന്നില്ലെന്ന പരാതിയും ഉണ്ട്. മൊബൈൽഫോൺ, ടെലിവിഷൻ, നെറ്റ്‌വർക്ക്, റെയ്ഞ്ച് തുടങ്ങിയ സാങ്കേതിക പ്രശ്നങ്ങൾ കുട്ടികളുടെ ഓൺലൈൻ പഠനത്തെ ബാധിക്കുന്നുണ്ട്. വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ സിലബസിനനുസരിച്ച് പൂർത്തീകരിക്കപ്പെടുന്നില്ലെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ഓൺലൈൻ ക്ലാസുകൾ ഉപയോഗപ്പെടുത്തുന്നതിന് പരിമിതികൾ ഉണ്ടെന്നുമാണ് ചർച്ചയിൽ അരുൺ വാദിച്ചത്.

എൽകെജി, യുകെജി ക്ലാസുകളിൽ ഓൺലൈൻ വിദ്യാഭ്യാസം രസകരമായി നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ ചെറിയ പ്രായത്തിൽ അവരെ ശ്രദ്ധിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമില്ലാതെ പോകുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടു.

ദീർഘകാലം വിദ്യാലയാന്തരീക്ഷത്തിൽ നിന്ന് വിദ്യാർഥികൾ മാറിനിന്ന് ഓൺലൈൻ പഠനം വഴി വിദ്യാഭ്യാസം നേടുന്ന പ്രക്രിയയോട് ചർച്ചയിൽ പങ്കെടുത്തവരാരും തന്നെ യോജിച്ചില്ല. എന്നാൽ രോഗ വ്യാപന ഭീതിയിൽ കഴിഞ്ഞുകൂടുന്ന ഈ കാലയളവിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗിച്ചും പരിമിതികൾ മറികടന്നും ഓൺലൈൻ വിദ്യാഭ്യാസം തുടരണമെന്ന് ചർച്ചയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷവും അഭിപ്രായപ്പെട്ടു. ■



**തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ തയ്യാറാക്കിയ വിവാഹ ഒരുക്ക സെമിനാറിനുള്ള വർക്ക് ബുക്ക് 'കുടുംബമാകാൻ' ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പ്രകാശനം ചെയ്യുന്നു. കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടറും പുസ്തകത്തിന്റെ എഡിറ്ററുമായ ഫാ. ഡോ. എ ആർ ജോൺ സമീപം**



# ഇടം

റവ. ഡോ. എ.ആർ. ജോൺ

കുടുംബം ഒരു കൂടാണ്, കിളിക്കൂട് പോലൊരു കൂട്. എല്ലാപേരും ആയിരിക്കാൻ ഇഷ്ടപ്പെടുന്നിടം, മടങ്ങിവരാൻ കൊതിക്കുന്നിടം, അമ്മകിളി കൊക്കിൽ കൊണ്ടുവന്ന അന്നം കിളിക്കുഞ്ഞുങ്ങൾക്ക് പകർന്ന് നൽകുന്നിടം. ഉരുമിയുരുമിയിരുന്ന് വീട്ടുകാരൊന്നിച്ച് കലപില ശബ്ദമുണ്ടാക്കി സ്നേഹം ചുരത്തുന്നിടം. ഭൂമിയിലൊരു പറുദീസയുണ്ടെങ്കിൽ അത് ഭവനമാണ്. താളം തെറ്റിയാൽ നരകമാകുടന്നിടവും മറ്റൊന്നല്ല. അപ്പോൾ എല്ലാ ഭവനങ്ങളും വീണ്ടെടുക്കുന്നതും ആ കിളിക്കൂടിന്റെ സൗന്ദര്യത്തെ, ആത്മീയതയെ തന്നെ.

## തകരുന്ന കുടുംബം

തകരുന്ന കുടുംബം ഒരു നൊമ്പരമാണ്; നമ്മുടെയും സമൂഹത്തിന്റെയും സഭയുടെയും സർവ നാശവും അരാചകത്വവും സാധ്യമാക്കണോ കുടുംബങ്ങളെ തകർത്താൽ മതി. തിന്മയുടെ ശക്തികളുടെ വിജയം അത്യന്തികമാകുന്നത് കുടുംബങ്ങളെ തകർക്കാൻ കഴിയുമ്പോഴാണ്; അത് തകർന്നാൽ പിന്നെ സകല മേഖലകളും താനെ തകർന്നുകൊള്ളും. അതിനാൽ പളുങ്കുപാത്രമാണ് കുടുംബം;

## ഗർഭപാത്രം

ലോകത്തിലെ ഏറ്റവും സുരക്ഷിതവും സുഖദായകവും സ്വാസ്ഥ്യവും ആശ്വാസദായകവുമായ ഇടം. കുടുംബം ഒരു ഗർഭപാത്രം കണക്കെ ആകേണ്ടതുണ്ട്. സ്നേഹദായകമായ ഗർഭപാത്രം, ജീവദായകം, പുതുജീവനുണർത്തുന്ന പിള്ളതൊട്ടിൽ, ജീവനെ പരിപോഷിപ്പിക്കുന്ന, പൊട്ടിച്ചിരി ജനിക്കുന്ന, ഹൃദ്യത പൂവിടുന്ന പങ്കുവയ്ക്കലും രക്തബന്ധവും ഗർഭം ധരിക്കുന്ന ശ്രീകോവിൽ.

## ഭവനം

ആകിലും ആയിരിക്കാൻ കൊതിക്കുന്നിടം. കരുണയുടേയും ക്ഷമയുടെയും കലാലയം. വളരുകയും വളമാവുകയും വെളിച്ചമാവുകയും ചെയ്യുന്നിടം. വീണുപോയവയെ താങ്ങുകയും വഴിതെറ്റാനിടയുള്ളവർക്ക് വഴിയാവുകയും ചെയ്യുന്നിടം. മങ്ങിപോയവയ്ക്ക് പ്രഭ നൽകുന്ന, വാടുന്നവയെ വളർത്തുന്നിടം.

## എങ്കിലും...

വിള്ളലുകൾ അധികമുണ്ട്, അനാഥത്വം ആളുകൾ ഉള്ളിടത്തും അനുഭവിക്കുന്നവരുണ്ട്. അടുത്തിരിക്കുന്നവരിൽ അകൽച്ച ഇന്ന് അധികമുണ്ട്. അശാന്തിയും അസ്വസ്ഥതകളും അനവധി. തകർന്ന കുടുംബങ്ങളും ഒപ്പം തളർന്നുപോകുന്ന മക്കളുണ്ട്...

## മറുമരുന്ന്...

കരുണയും കരുതലും കാവലും കുറയാതിരിക്കട്ടെ. ദാമ്പത്യ ദൗത്യം വ്രതമാകട്ടെ. നല്ല വാക്കും സാന്നിധ്യവും ശാന്തതയും കുറയാതിരിക്കട്ടെ. കുറവുകളുടെ കൂടെ മനുഷ്യനന്മകളെ കാണാനുള്ള കാഴ്ച കുറയാതിരിക്കട്ടെ. ഈ ലോകത്തിൽ ദൈവം കഴിഞ്ഞാൽ ഏറ്റവും വിലപ്പെട്ടത് കുടുംബമെന്ന ബോധ്യം കുറയാതിരിക്കട്ടെ.

## മൂലകാരണം

കുടുംബങ്ങളിൽ ദൈവമില്ല എന്നതാണ് അരാജകത്വത്തിന്റെ മൂലകാരണം. ദൈവം പടിയിറങ്ങിയിരിക്കുന്നു. പ്രാർഥനയില്ല, സ്തുതി പറച്ചിലില്ല. ക്ഷമാർപ്പണമില്ല, കരങ്ങൾ കൂപ്പാൻ കഴിയുന്നില്ല. കുടുംബങ്ങളിൽ ദൈവത്തെ കുടിയിരുത്തുക; എല്ലാം ശാന്തമാകും, ശരിയാകും, സ്വസ്ഥതയും സമാധാനവും കരഗതമാകും. നമുക്ക് സ്വന്തം കുടുംബങ്ങളിലേക്ക് മടങ്ങാം. ■

# ഉന്നത വിദ്യാഭ്യാസത്തിന് അതിരൂപത മുപ്പത്തിനാലരലക്ഷം വിതരണം ചെയ്തു

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ അതിരൂപതയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി 34,50,000 രൂപ വിവിധ ഫെറോന ക്രേന്ദ്രങ്ങളിൽ വച്ച് വിതരണം ചെയ്തു. വിദ്യാഭ്യാസ പുരോഗതിയിലൂടെ സാമുദായിക മുന്നേറ്റം എന്ന ആപ്തവാക്യവുമായി അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഉന്നത വിദ്യാഭ്യാസ സഹായ വിതരണം നടത്തിയത്. ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികളെ അനുധാവനം ചെയ്യുന്ന 'സഹയാത്രി' എന്ന പരിപാടി ഇതോടൊപ്പം നടപ്പാക്കും എന്ന് ഡയറക്ടർ ഫാ. മെൽക്കൺ അറിയിച്ചു



*ഉന്നതവിദ്യാഭ്യാസ സഹായ വിതരണം ഫാ. ലെനിൻ ഫെർണാണ്ടസ് - പുതുക്കുറിച്ചി, മോൺ. നിക്കോളാസ് ടി. - പാളയം, ഫാ. ലോറൻസ് കുലാസ് - പേട്ട നിർവഹിക്കുന്നു*

ഓരോ ഫെറോന കേന്ദ്രത്തിലും നടത്തിയ സാമ്പത്തിക സഹായ വിതരണത്തിന് അതാത് ഫെറോന വികാരിമാരും , ഫെറോന വിദ്യാഭ്യാസ വൈദിക ശുശ്രൂഷ കോഡിനേറ്റർമാരായ ഫാ. പ്രദീപ്,ഫാ. ലെനിൻ ഫെർണാണ്ടസ്, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ലാസർ ബെനഡിക്റ്റ്, ഫാ.ഫ്രെഡി സോളമൻ, ഫാ. ആൻസിലിൻ, ഫാ.ലോറൻസ് കുലാസ്, ഫാ. സ്റ്റാൻസിലാവൂസ്, ഫാ. ലോറൻസ് ലൂക്കസ് എന്നിവർ നേതൃത്വം നൽകി. തുടർന്നുള്ള വർഷങ്ങളിലും കൂടുതൽ വിദ്യാർത്ഥികൾക്ക് സഹായം നൽക്കാനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുമെന്ന് അസി.ഡയറക്ടർ ഫാ. ഇമ്മാനുവേൽ പറഞ്ഞു.



*കെസിഎസ്എൽ-ന്റെ 2019-20 വർഷത്തെ മികച്ചപ്രവർത്തനത്തിന് സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം നേടിയ തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കുള്ള ട്രോഫി കെസിഎസ്എൽ പ്രസിഡന്റ് ഡാമിയൻ ജോർജ്ജ്, സിസ്റ്റർ ഓർഗനൈസർ സി. ലിസ്ന എന്നിവർ ചേർന്ന് ബിഷപ്പ് സെബാസ്റ്റ്യൻ വാണിപ്പുരയ്ക്കലിൽ നിന്നും ഏറ്റുവാങ്ങുന്നു*

## ആദരാഞ്ജലികൾ



**ഫാ. ജോൺസൺ മുത്തപ്പൻ**

പരുത്തിയൂർ





**ഫാ. സ്റ്റീഫൻ ജോസ് മേത്താശേരി**

എറണാകുളം - ബോൾഗാട്ടി



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം അഞ്ചാം ഞായർ (ഫെബ്രുവരി 7)

# സഞ്ചരിക്കുന്ന ദൈവം

നീർച്ചാലുകൾ
ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ജോബ്. 7, 1-4, 6-7, | 1 കൊറി. 9: 16-19, 22-23 | മാർക്കോ. 1: 29-39

ദൈവത്താൽ അയക്കപ്പെട്ട യേശുവിന്റെ ജീവിതം വഴി ദൈവരാജ്യം സമാഗതമാകുന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ രണ്ടാം ഭാഗത്ത് വിവരിക്കുന്നത്. പിശാചിന്റെ ഭരണം അവസാനിപ്പിച്ച് ദൈവഭരണത്തിന് ആരംഭം കുറിച്ച യേശു (1: 21-28) രോഗത്തിന്റെ ഭരണവും (1:29-31) പിശാചിന്റെ ഭരണവും അവസാനിപ്പിക്കുന്ന പ്രവർത്തനം (1: 32-34) തുടരുന്നു.


വചനം പറഞ്ഞുകൊണ്ടും പിശാചുകളെ പുറത്താക്കിക്കൊണ്ടും അവൻ ഗലീലിയയിലുടനീളം ചുറ്റിസഞ്ചരിച്ചു. അവസാനം ഈ വചനത്തിൽ മനസ്സും ഹൃദയവും ഒന്നിച്ചു. ഒരു തുള്ളി ജലത്തിൽ കടലിരമ്പം മുഴുവനും ഉണ്ടെന്ന് പറയുന്നപോലെ ഈ വാക്യത്തിൽ സുവിശേഷം മുഴുവനുമുണ്ട്. എത്ര ബ്രഹത്തായ ആശയമാണ് ഒരുക്കിയിരിക്കുന്നത്. ദൈവം സഞ്ചാരത്തിലാണ്. പഴയനിയമം ഉറപ്പോടെ പ്രഘോഷിക്കുന്നുണ്ട്; ദൈവം മനുഷ്യരുടെ ഇടയിലൂടെ ചുറ്റി സഞ്ചരിക്കുന്നുവെന്ന്. ആ സഞ്ചാരത്തിനിടയിലൂടെയാണ് സിനഗോഗിലെ പ്രഘോഷണവും പത്രോസിന്റെ അമ്മായിഅമ്മയെ സൗഖ്യപ്പെടുത്തുന്നതും.

ദൈവം ചുറ്റിസഞ്ചരിച്ചു; മനുജരുടെ ഇടയിലൂടെ. എത്ര സുന്ദരമായ വാക്യം. എല്ലാ മനുഷ്യരോടും ഒപ്പമായിരിക്കുവാൻ കൊതിക്കുന്ന ഒരു ഹൃദയമുണ്ടതിന്റെ പിന്നിൽ. കാമുകിയോടൊപ്പമായിരിക്കുവാൻ കൊതിക്കുന്ന കാമുകന്റെ മനസ്സുപോലെ. ബൈബിൾ മുഴുവൻ ഇതുതന്നെയല്ലേ കാണാൻ കഴിയുക. വൈകുന്നേരങ്ങളിൽ ആദ്യമാതാപിതാക്കന്മാർക്കൊപ്പം തോട്ടത്തിൽ ഉലാത്തുന്നതുമുതൽ ആരംഭം. പിന്നീട് വിവിധ രൂപങ്ങളിലും ഭാവങ്ങളിലും മനുജർക്കൊപ്പമാകുന്നു. അബ്രഹാത്തിന്റെ ആദിത്യം സ്വീകരിച്ച് അവൻ വിളമ്പുന്നത് ഭക്ഷിക്കുന്ന ദൈവം. ഈജിപ്തിൽ നിന്ന് പുറപ്പെട്ട ജനതയുടെ മുമ്പെ ഗമിക്കുന്ന ദൈവം പകൽ മേഘത്തിലും രാത്രിയിൽ അഗ്നിസ്തംഭത്തിലും മനുഷ്യർ നിർമിച്ച കൂടാരത്തിലായിരുന്നുകൊണ്ട് വരൾച്ചയിലും സമൃദ്ധിയിലും ദുഃഖത്തിലും സന്തോഷത്തിലും യുദ്ധത്തിലും സമാധാനത്തിലും അവരോടൊപ്പം വസിക്കുന്ന ദൈവം.

മനുഷ്യന്റെ എക്കാലത്തെയും പ്രാർഥനയും ഇതുതന്നെയായിരുന്നു. തങ്ങളുടെ ജീവിത രീതികളിലൂടെ സഞ്ചരിച്ച് കടന്നുപോകുന്ന ദൈവത്തോട് അവർ കേണുപ്രാർഥിച്ചു. ഞങ്ങളോടൊത്ത് വസിച്ചാലും മനുഷ്യനിർമിതമായ കൂടാരങ്ങളുപേക്ഷിച്ച് ദൈവം മനുഷ്യരുടെ മദ്ധ്യേ ഉടലിൽ കൂടാരമടിച്ചതാണ് ക്രിസ്തു. തന്റെ സാന്നിധ്യം കൊണ്ടാണ് അവൻ ഭൂമിയെ ആശീർവദിച്ചത്. നമ്മുടെ ഇടയിലായിരിക്കുവാനുള്ള ഉൽക്കടമായ അഭിലാഷം കൂദാശകൾ സ്ഥാപിക്കുവാൻ അവനെ പ്രേരിപ്പിച്ചു. അങ്ങനെ ദിവ്യകാരുണ്യത്തിൽ അവൻ നമുക്കുമദ്ധ്യേ ഇറങ്ങി



മനുഷ്യന്റെ എക്കാലത്തെയും പ്രാർഥനയും ഇതുതന്നെയായിരുന്നു. തങ്ങളുടെ ജീവിത രീതികളിലൂടെ സഞ്ചരിച്ച് കടന്നുപോകുന്ന ദൈവത്തോട് അവർ കേണുപ്രാർഥിച്ചു. ഞങ്ങളോടൊത്ത് വസിച്ചാലും മനുഷ്യനിർമിതമായ കൂടാരങ്ങളുപേക്ഷിച്ച് ദൈവം മനുഷ്യരുടെ മദ്ധ്യേ ഉടലിൽ കൂടാരമടിച്ചതാണ് ക്രിസ്തു.



വന്നു. അവസാനം എല്ലായിടത്തും എല്ലാക്കാലത്തിലും സർവരോടൊപ്പവുമായിരിക്കുവാൻ കുരിശിൽ മരണം വരിച്ചു.

- ദുഷ്ടാരൂപിയെ ഒഴിപ്പിച്ച ശേഷം പത്രോസിന്റെ വീട്ടിലെത്തുന്നു (1:29). പത്രോസിന്റെ അമ്മായി അമ്മയുടെ പനിയുടെ വിവരമാണ് അവർ അവനെ അറിയിക്കുന്നത്. പിശാചുബാധയുമായി താരതമ്യം ചെയ്യുമ്പോൾ പനി നിസാരരോഗമാണ്. എന്നാൽ, ആ നിസാര രോഗം പോലും സുഖപ്പെടുത്താൻ യേശു താല്പര്യം കാണിക്കുകയാണ് (1:31). സ്നേഹത്തിന്റെയും ഇഷ്ടബന്ധത്തിന്റെയും മുമ്പിൽ നിസാരകാര്യങ്ങൾക്കുപോലും പ്രാധാന്യം വർധിക്കുകയാണ്. നിന്റെ നിസാര കാര്യൾപോലും യേശുവിന് വലുതാണ്. അവൻ അതിൽ ശ്രദ്ധിക്കുകയും താല്പര്യമെടുക്കുകയും ചെയ്യുന്നുവെന്ന് ഓർമ്മിക്കുക. നിന്റെ കൂടെയുള്ളവരുടെ നിസാരകാര്യങ്ങളിൽപ്പോലും നീ ശ്രദ്ധ ചെലുത്തണം; കരുതലോടെ അവരെ നീ പരിരക്ഷിക്കണം. സ്നേഹബന്ധം ഊഷ്മളകരമാകുന്നതും ദൈവികമാകുന്നതും അങ്ങനെയാണ്.

- കഫർണാമിലേക്ക് തിരിച്ചുപോകാൻ ശിഷ്യർ ആവശ്യപ്പെടുന്നത് മിക്കവാറും ജനത്തിന്റെ സ്വീകരണം ഏറ്റുവാങ്ങാനായിരിക്കും (1:37). എന്നാൽ യേശു പറയുന്നത് അടുത്ത പട്ടണങ്ങളിലേക്ക് പോയി അവിടെയൊക്കെ ദൈവരാജ്യ പ്രഘോഷണം നടത്താമെന്നാണ് (1:38); രോഗത്തിലും പിശാചുബാധയിലും കഴിയുന്നവരെ മോചിപ്പിക്കാമെന്ന്. സേവനമാവശ്യമുള്ളിടങ്ങളിലൊക്കെ നീ ഓടിയെത്തുക. നിന്റെ സഹായവും സ്നേഹവും കൊടുക്കുക. അങ്ങനെയാണുനീ ദൈവരാജ്യത്തിന്റെ പ്രഘോഷകനാകുക.

- യേശു പ്രാർഥിക്കുന്ന ആദ്യത്തെ സന്ദർഭമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. അതിരാവിലെ 'അവൻ ഉണർന്ന് ഒരു വിജന സ്ഥലത്തേക്ക് പോയി. അവിടെ അവൻ പ്രാർഥിച്ചുകൊണ്ടിരുന്നു' (1:35, 36). സിനഗോഗിൽ കയറി (1:21) ഇറങ്ങിയ (1:29) യേശു പ്രാർഥിക്കാൻ പോകുന്നത് വിജനപ്രദേശത്തേക്കാണ്. മറ്റാരും അടുത്തില്ലാതെ ഈശ്വരസന്നിധിയിൽ തനിച്ചിരിക്കുന്നതാണ് വിജനപ്രദേശത്തെ പ്രാർഥന. ക്രൈസ്തവ പ്രാർഥനയുടെ അവിശ്യഘടകമാണിത്. ആന്തരീകതയിലെ ഈശ്വരസാന്നിധ്യവുമായി നിശബ്ദതയിൽ മുഖാമുഖം നിൽക്കുക. പ്രവർത്തി ദിനത്തിലെ ആരംഭത്തിലും ഇടവേളകളിലും ഈശ്വരസാന്നിധ്യത്തിന്റെ വിജനതകളിലേക്ക് പിൻതിരിയേണ്ടവനാണ് യേശുവിന്റെ ശിഷ്യൻ..

നീർച്ചാലുകൾ

റവ. ഫാ. തോമസ് ജെ. നെറ്റോ

ആണ്ടുവട്ടം ആറാം ഞായർ (ഫെബ്രുവരി 14)

# യേശു ക്വാറന്റൈനിൽ

ലേവ്യ. 13: 1–2, 44–46 | 1 കോറി. 10: 31–11:1 | മാർക്കോ. 1: 40–45

“അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും.” യേശുവിന്റെ അടുത്ത് എത്തിയ കുഷ്ഠരോഗിയുടെ വാക്കുകളാണിവ. വളരെ ദയനീയമായിരുന്നു അക്കാലത്ത് കുഷ്ഠരോഗികളുടെ അവസ്ഥ. രോഗലക്ഷണം കണ്ടാൽ ഉടൻ അവരെ അശുദ്ധരായി പ്രഖ്യാപിച്ചിരുന്നു. തലമുടി വടിച്ചുകളഞ്ഞ് കീറിപ്പറിഞ്ഞ വസ്ത്രങ്ങളുടുക്കണം. മറ്റുള്ള ആളുകളുമായി യാതൊരുവിധ സമ്പർക്കവും അനുവദിച്ചിരുന്നില്ല. സിനഗോഗിലും പട്ടണത്തിലും പ്രവേശിപ്പിച്ചിരുന്നില്ല. അവർ പാളയത്തിന് വെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം. ശാരീരിക വേദന

യെക്കാൾ ഒറ്റപ്പെടലും ഏകാന്തതയും അവഗണനയും അവരുടെ ആത്മാഭിമാനത്തിന് സാരമായ പരുക്കേല്പിച്ചു. സമൂഹം ഭ്രഷ്ട് കല്പിച്ച് ആട്ടിപ്പുറത്താക്കിയ അവരുടെ ജീവിതം പുറമ്പോക്കുകളിലായിരുന്നു. ആർക്കും വേണ്ടാത്ത അവർക്ക് അന്തസ്സില്ല, അവകാശങ്ങളുമില്ല, പ്രതീക്ഷകളുമില്ല. ഗ്രാമത്തിലേക്ക് വല്ലപ്പോഴും വരണമെന്നുണ്ടെങ്കിൽ വായ് ഒരു തുണിക്കഷണം കൊണ്ടുംമൂടി 'ഞാൻ അശുദ്ധനാണേ" എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് നടക്കണം. കുഷ്ടരോഗിയെ തൊട്ടാൽ, തൊടുന്നവനും അശുദ്ധനാകും.

അവസാന ആശ്രയമായി അവൻ കണ്ടത് യേശുവിനെയാണ്. തന്നെ ശുദ്ധനാക്കാൻ യേശുവിന് സാധിക്കുമെന്ന് അവൻ വിശ്വസിച്ചു. യേശു അവനോട് അനുഭാവപൂർവം പ്രതികരിച്ചു. ''അവൻ കരുണ തോന്നി കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് മനസ്സുണ്ട്, നിനക്ക് ശുദ്ധിയുണ്ടാകട്ടെ." മനുഷ്യസ്പർശം നിഷേധിക്കപ്പെട്ടവന് യേശു തന്റെ കരസ്പർശവും സ്നേഹസാന്ത്വനവും നൽകി. അവൻ ആത്മാഭിമാനമുള്ള ഒരു വ്യക്തിയാണെന്ന അനുഭവം പകർന്നു. ശുദ്ധനാക്കപ്പെട്ടവന്റെ ആത്മവിശ്വാസത്തെയും ജീവിതപ്രതീക്ഷകളെയും അത് തൊട്ടുണർത്തി. കുഷ്ഠരോഗിയെ തൊടുന്നവനും അശുദ്ധനാകും എന്ന നിയമം നിലനിൽക്കെ, യേശു തന്റെ ജീവിതത്തെ അപകടകരമാക്കി, അവന്റെ ജീവിതം വീണ്ടെടുത്തു.

"നീ ഇതേപ്പറ്റി ആരോടും ഒന്നും സംസാരിക്കരുത്" എന്ന് യേശു അവനോട് ആവശ്യപ്പെട്ടു. അയാൾ അത് അനുസരിച്ചില്ല. ജീവിതം വീണ്ടുകിട്ടിയ സന്തോഷത്താൽ അയാൾ അത് പലരോടും പറഞ്ഞു. തൽഫലമായി യേശു സ്വയം ക്വാറന്റീനിൽ പോയി. ഇക്കാര്യം സുവിശേഷകൻ പ്രത്യേകം എടുത്തുപറയുന്നു: "തന്മൂലം, പിന്നീട് പട്ടണത്തിൽ പരസ്യമായി പ്രവേശിക്കാൻ യേശുവിന് സാധിച്ചില്ല. അവൻ പുറത്ത് വിജനപ്രദേശങ്ങളിൽ തങ്ങി."

മറ്റൊരാളുടെ മോചനത്തിനും രക്ഷയ്ക്കും വേണ്ടി, സ്വയം ഏറ്റെടുക്കുന്ന വെല്ലുവിളിയും അതിന് നൽകുന്ന വിലയും യേശുവിനെ വ്യത്യസ്തനാക്കുന്നു. ഇന്നത്തെ സാഹചര്യങ്ങളിൽ നമ്മുടെ ജീവിതചുറ്റുപാടുകളിൽ നാം പിൻതുടരേണ്ട ഒരു മഹനീയ മാതൃക യേശു നമുക്ക് നൽകുന്നു.

നീർച്ചാലുകൾ

റവ. ഡോ. ലോറൻസ് കുലാസ്

നോമ്പുകാലം ഒന്നാം ഞായർ (ഫെബ്രുവരി 21)

# മരുഭൂമിയും യേശുവും പിന്നെ ഞാനും...

ഉൽ. 9: 8–15 | 1 പത്രോ. 3: 18–22 | മർക്കോ. 1: 12–15



യേശു യോഹന്നാനിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം (1:9–11), പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ്, ആത്മാവിൽ നയിക്കപ്പെട്ട് മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. മത്തായിയുടെയും (4:1–11) ലൂക്കായുടെയും (4:1–13) സുവിശേഷത്തിൽ യേശുവും സാത്താനും തമ്മിലുള്ള വാഗ്വാദം വിപുലമായൊരു നാടകീയ രംഗമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്. എന്നാൽ മർക്കോസ് തികച്ചും സംക്ഷിപ്തമായി ഒറ്റ വാക്യത്തിൽ ഈ സംഭവം രേഖപ്പെടുത്തുന്നു.

മരുഭൂമിയിലുള്ള യേശുവിന്റെ പ്രലോഭനം മർക്കോസ് ഹ്രസ്വമായി വിവരിക്കുന്നിടത്ത് രണ്ട് പഴയനിയമ സംഭവങ്ങൾ വായനക്കാരെ ഓർമ്മപ്പെടുത്തുന്നു. ഒന്ന്, ഇസ്രായേൽ ജനത്തിന്റെ നാല്പത് വർഷത്തെ മരുഭൂമിയിലൂടെയുള്ള യാത്ര. "നാല്പതുദിവസം" എന്നത് ഒരു നീണ്ട കാലയളവിനെ സൂചിപ്പിക്കുന്നു. ഇസ്രായേൽ ജനം ദീർഘമായൊരു കാലയളവിൽ ദൈവത്താൽ പരീക്ഷിക്കപ്പെട്ടതുപോലെ യേശു തന്റെ ശുശ്രൂഷയിലുടനീളം സാത്താനാൽ പരീക്ഷിക്കപ്പെടുമെന്നതിന്റെ പ്രതീകമാണ് 'നാല്പത് ദിവസം.'

രണ്ട്, പറുദീസായിൽ വസിക്കുന്ന ആദം (ഉത്പ 2:4–3:24). പറുദീസായിൽ ആദം വന്യമൃഗങ്ങളോടൊത്ത് പാർത്തിരുന്നതുപോലെ മരുഭൂമിയിൽ യേശു വന്യമൃഗങ്ങളോടൊപ്പം ജീവിച്ചു. വന്യമൃഗങ്ങളോടൊപ്പമായിരുന്ന യേശുവിനെ മാലാഖമാർ ശുശ്രൂഷിക്കുന്നതായി സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. യഹൂദ പുരാണങ്ങളനുസരിച്ച് ആദത്തിന്റെ മൃതദേഹം സ്വർഗത്തിലേയ്ക്ക് സംവഹിക്കുന്നത് മാലാഖമാരാണ്. വന്യമൃഗങ്ങളുടെ സാനിധ്യത്തിലുള്ള മരുഭൂമിയിലെ യേശുവിന്റെ വാസം ആപത്കര

ണാണെങ്കിലും മാലാഖമാരുടെ ശുശ്രൂഷ ദൈവീക സംരക്ഷണത്തിന്റെ അടയാളമായി നിലകൊള്ളുന്നു. ഈ രണ്ട്, പഴയനിയമ സംഭവങ്ങളിലൂടെ സുവിശേഷകൻ വരച്ചുകാട്ടാൻ ശ്രമിക്കുന്നത് ദൈവവും യേശുവും തമ്മിലുള്ള ഗാഢമായ സ്നേഹബന്ധത്തെയാണ്: ഏതൊരു പ്രതികൂല സാഹചര്യങ്ങളിലും ദൈവത്തോട് ചേർന്നു നില്ക്കുമ്പോൾ ലഭ്യമാകുന്ന ദൈവിക സംരക്ഷണം.

മനുഷ്യജീവിതം പ്രതിസന്ധികളിലൂടെ യാത്ര തുടരുമ്പോഴും ദൈവത്തിന്റെ സാന്ത്വനം മനുഷ്യർക്ക് ലഭ്യമാണ്. യേശുവിന്റെ കഠിനമായ പ്രലോഭനവേളയിൽ മരുഭൂമിയിലെ വന്യമൃഗങ്ങളുടെ സാമിപ്യം അവിടുന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ പ്രതീകമാകുമ്പോൾ, മരുഭൂമിയിലെ മാലാഖമാരുടെ സാന്നിധ്യം ആപത്ഘട്ടത്തിലെ ദൈവികശക്തിയുടെ പ്രതീകമായി നിലകൊള്ളുന്നു. നോമ്പുകാലത്തിന്റെ ആദ്യ ആഴ്ചയിൽ യേശു നേരിട്ട പ്രലോഭനങ്ങളുടെ ചിന്ത സഭാതനയർക്ക് നല്കുന്നത് തിന്മയുടെ ശക്തി എത്രകണ്ട് സജീവമായി നിലകൊള്ളുന്നുണ്ടെങ്കിലും അവയൊക്കെ ചെറുത്ത് നില്കുവാൻ ഉണർന്ന് പ്രാർഥിക്കുവാനും പ്രവർത്തിക്കുവാനുമായുള്ള ആഹ്വാനമായിട്ടാണ്.

നോമ്പുകാലം രണ്ടാം ഞായർ (ഫെബ്രുവരി 28)

നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

# താബോർ സ്വർഗത്തിന്റെ ഫോട്ടോകോപ്പി

ഉൽ. 22: 1–2. 9a, 10–13, 15–18 | റോമ. 8: 31b–34 | മർക്കോ. 9: 2–10



രൂപാന്തരീകരണം നമ്മോടാവശ്യപ്പെടുന്നത് യേശുവിനെ ശ്രവിക്കുക അവനെ അനുധാവനം ചെയ്യുക എന്നതാണ്. താബോറിൽ നിന്നും താഴ്വരയിലേക്ക് ഇറങ്ങിവരുമ്പോൾ ഇരുട്ടിൽ തപ്പിത്തടയുന്ന മനുഷ്യരും... നിലത്തിഴയുന്ന മനുഷ്യരും... പരിദേവനം കൊണ്ട് ഞരങ്ങുന്ന മനുഷ്യരുമൊക്കെയുണ്ട്.

*ക്ഷീണമനസ്സേ,*
*വിചിത്രം-എന്നെ-ക്കാണിച്ചതെന്തിനിചിത്രം !*
*മായികം, മായികം, കഷ്ടം -*
*ഇതുമായുന്നതെന്തൊരു നഷ്ടം!*

ക്രിസ്തു തന്റെ മഹത്വത്തിന്റെ മേൽക്കുപ്പായം മാറ്റി സഹനത്തിന്റെ ഉടയാട ധരിക്കാൻ താബോറിലേക്ക് നടന്നുപോകുന്നു. മഹത്വത്തിന്റെ താബോറിൽ അനേകർ പിൻചെല്ലുമെന്നും നൊമ്പരങ്ങളുടെ നേരത്ത് എല്ലാവരും തനിച്ചാകുമെന്നും തച്ചനറിയാമായിരുന്നു. ക്രിസ്തുവിന്റെ കാലത്ത് കുരിശിലേക്കുള്ള വഴിയായിരുന്നു താബോർ. ഇന്ന് താബോറിലേക്കുള്ള വഴിയാണ് കുരിശുകളെന്ന് രൂപാന്തരീകരണം ഓർമ്മിപ്പിക്കുന്നു. പുൽനാമ്പും പുൽപ്പടർപ്പും പുൽച്ചെടികളും പൂമ്പാറ്റകളും നിറഞ്ഞുതുളുമ്പി നിൽക്കുന്ന ഹൃദയനിലം ഒരു വരൾച്ചയിൽ വെന്തുവെണ്ണീറാകുമ്പോഴുള്ള തേങ്ങലുമായി പത്രോസും ഒപ്പം നമ്മളുമുണ്ട്. ഭൗതീകമായല്ല; ആത്മീയമായ മാറ്റമാണ് സംഭവിക്കേണ്ടതെന്ന് ഈ ദർശനം നമ്മെ ഓർമപ്പെടുത്തുകയാണ്.

വിശുദ്ധഗ്രന്ഥത്തിൽ വെളിപാടുകളുടെയും വെളിപ്പെടുത്തലുകളുടെയും സംഗമഭൂമിയായി മലകൾ മാറുന്നു. പുറ. 24:15, 16 ൽ സീനായി മലയിലേക്ക് കയറിപ്പോകുന്ന മോശയെ ഏഴാം ദിവസം ദൈവം വിളിച്ചു... ഉൽപ. 22:10, 11 ൽ മോറിയാമലയിൽ മകനെ ബലിയർപ്പിക്കാൻ വിശ്വാസികളുടെ പിതാവ് അബ്രഹാം കത്തിയെടുത്തപ്പോൾ കർത്താവിന്റെ ദൂതൻ അബ്രഹാമിനെ തടഞ്ഞു... 1 രാജ. 19: 14, 15 ൽ ജസെബെലിനെ ഭയന്ന് ഹോറെബ്മലയിൽ മരണത്തിനായി പ്രാർഥിച്ച ഏലിയാക്ക് ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും കൊടുക്കുന്ന കർത്താവിന്റെ ദൂതനെ കാണാം... മാർക്കോ. 9:7 ൽ താബോറിൽ രൂപാന്തരപ്പെട്ടുനിൽക്കുന്ന യേശുവിന്റെ വശങ്ങളിൽ മോശയും ഏലിയായും വന്നു. ഒപ്പം, ദൈവത്തിന്റെ സ്വരവും ഉണ്ടായി. ഒരു കാൽവരിമല കയറാനുള്ള ബലം കിട്ടാൻ താബോർ മലകയറ്റം അനിവാര്യമാണ്.

ക്രിസ്തുവിന്റെ ദൈവസ്വഭാവത്തെ രൂപാന്തരീകരണം ഓർമ്മിപ്പിക്കുകയാണ്. താബോറിലെ യേശുവിന്റെ രൂപവും ഭാവവും ബൈബിൾ അടയാളപ്പെടുത്തുന്നുണ്ട്. എസെ. 1:28 ൽ അവനുചുറ്റും പ്രകാശം ഉണ്ടായിരുന്നു. മഴയുള്ള ദിവസം മേഘത്തിൽ കാണപ്പെടുന്ന മഴവില്ലുപോലെയായിരുന്നു അവന്റെ ചുറ്റുമുണ്ടായിരുന്ന പ്രകാശം. കർത്താവിന്റെ മഹത്വം കാണപ്പെട്ടത് ഈ വിധത്തിലാണെന്ന് പ്രതിപാദിക്കുന്നു. ദാനി

7:13 ൽ ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുൻപിൽ ആനയിച്ചുവെന്ന് എഴുതപ്പെട്ടിരിക്കുന്നു... ദാനി 10:4-9 ൽ ചണവസ്ത്രവും ഊഫാസിലെ സ്വർണം കൊണ്ടുള്ള അരപ്പട്ടയും ധരിച്ച ഒരുവൻ അവന്റെ ശരീരം ഗോമേദകംപോലെയും മുഖം മിന്നൽപോലെയും കണ്ണുകൾ ജ്വലിക്കുന്ന പന്തം പോലെയും ആയിരുന്നുവെന്ന് വിവരിക്കുന്നു... വെളി 1: 13, 14 ൽ ദീപപീഠങ്ങളുടെ മദ്ധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ! അവന് പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കി; മാറോടടുത്തു സ്വർണം കൊണ്ടുള്ള ഇടക്കച്ച. അവന്റെ ശിരസും മുടിയുമാകട്ടെ വെൺമഞ്ഞു പോലെയും വെൺ കമ്പിളി പോലെയും ധവളം; നയനങ്ങൾ തീജ്ജ്വാല പോലെയെന്നും വർണിക്കുന്നു... മുൻകൂട്ടി അരുളിചെയ്യപ്പെട്ടതെല്ലാം നിറവേറ്റാൻ വേണ്ടി ക്രിസ്തു തന്റെ മഹത്വം തബോറിൽ വെളിപ്പെടുത്തി.

സഭാപിതാക്കന്മാർ രൂപാന്തരീകരണത്തെക്കുറിച്ച് വാചാലരാകുന്നുണ്ട്. മഹാനായ ലെയോപാപ്പ പറയുന്നത് – 'ശിഷ്യന്മാരുടെ ഹൃദയത്തിൽ നിന്നും കുരിശിനെക്കുറിച്ചുള്ള കുറ്റവിചാരവും താൻ സഹിക്കേണ്ടിവരുന്ന അപമാനഭാരവും നീക്കി അവരുടെ വിശ്വാസത്തെ ദൃഢപ്പെടുത്താനും വേണ്ടിയാണ് ക്രിസ്തു മഹത്വീകരിക്കപ്പെട്ടത്. അലക്സാണ്ട്രിയായിലെ സിറിൽ വർണിക്കുക 'ക്രിസ്തു തന്റെ ശാരീരികമരണത്തിലൂടെയും മരണത്തിന്മേലുള്ള ഉത്ഥാനത്തിലൂടെയും സ്വർഗത്തിന് കീഴിലുള്ളതിനെയെല്ലാം വീണ്ടെടുക്കുകയും ചെയ്തു എന്നതിന്റെ പ്രതിഫലനമാണ് താബോർ ദർശനം. വി. ക്രിസോസ്റ്റം പറയുന്നത് – 'സ്വർഗം മുൻകൂട്ടി കാണിച്ചുതന്നുകൊണ്ട് നരകം ഇനിയും വന്നു ചേർന്നിട്ടില്ലായെന്ന് ക്രിസ്തു ഈ ദർശനത്തിലൂടെ പ്രകടമാക്കി.' സിനായിലെ വി. അനസ്താസിയൂസ് സ്വർഗരാജ്യത്തിന്റെ മുന്നാസ്വാദനമായിട്ടാണ് ഈ ദർശനത്തെ വർണിക്കുന്നത്. വൈദിക സ്വഭാവത്തിലേക്ക് പങ്കുകാരാകാൻ പത്രോസും ദൈവത്തിന്റെ പിന്തുടർച്ചക്കാരാകാൻ പൗലോസും നമ്മെ ക്ഷണിക്കുകയാണ്.

'വെറും സ്വപ്നം' എന്ന കവിതയിൽ ചങ്ങമ്പുഴ പാടുന്നുണ്ട്.

"പാരാകെ മന്ദമുണർന്നു വിണ്ണിൽ പാടലകാന്തി കിളർന്നു. പാപന്ധകാരമകന്നു മന്നിൽ പാവന പ്രേമം പരന്നു. യാതനയെല്ലാമൊഴിഞ്ഞു ലോകം ഗീതാത്മകമായിക്കഴിഞ്ഞു. എല്ലായിടത്തും വെളിച്ചം കാണുന്നുല്ലാസത്തിന്റെ തെളിച്ചം.

യുദ്ധമെന്നില്ലൊരു ശബ്ദം ആർക്കുമെന്തൊരു സൗഹാർദ്ദഭാവം!"

ഉറക്കമുണർന്നപ്പോൾ എല്ലാം പഴങ്കഥപോലെ തന്നെ. നെടുവീർപ്പിട്ടുകൊണ്ട് കവി ചോദിക്കുന്നു "ക്ഷീണമനസ്സേ, വിചിത്രം – എന്നെ – കാണിച്ചതെന്തിനിചിത്രം! മായികം, മായികം, കഷ്ടം – ഇതുമായുന്നതെന്തൊരു നഷ്ടം!" സ്വർഗീയാനുഭൂതിയിൽ നിൽക്കുന്ന പത്രോസിന്റെ ഭാവവ്യത്യാസങ്ങൾ നമ്മിലുണ്ട്. സ്വർഗത്തിന്റെ ചിത്രം കാണിച്ച് അത് പെട്ടെന്ന് അപ്രത്യക്ഷമാകുമ്പോഴുള്ള ഒരു നൊമ്പരമുണ്ട് പത്രോസിനെപോലെ എനിക്കും നിങ്ങൾക്കും.

രൂപാന്തരീകരണം നമ്മോടാവശ്യപ്പെടുന്നത് യേശുവിനെ ശ്രവിക്കുക അവനെ അനുധാവനം ചെയ്യുക എന്നതാണ്. താബോറിൽ നിന്നും താഴ്വരയിലേക്ക് ഇറങ്ങിവരുമ്പോൾ ഇരുട്ടിൽ തപ്പിത്തടയുന്ന മനുഷ്യരും... നിലത്തിഴയുന്ന മനുഷ്യരും... പരിദേവനം കൊണ്ട് ഞരങ്ങുന്ന മനുഷ്യരുമൊക്കെയുണ്ട്. അവരെയൊക്കെ കൈപിടിച്ചുയർത്തി പുതുജീവൻ പകരാനായാൽ അതുതന്നെയാണ് എന്നിലും നിന്നിലും സംഭവിക്കുന്ന രൂപാന്തരീകരണം!

# 9 കുടുംബങ്ങൾക്കുകൂടി അതിരൂപതവക സൗജന്യ ഭൂമി



*മുരുക്കുംപുഴയിൽ ഒൻപത് കുടുംബങ്ങൾക്കുകൂടി സൗജന്യമായി ഭൂമി നൽകിക്കൊണ്ടുള്ള രേഖയിൽ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഒപ്പുവയ്ക്കുന്നു*

തിരുവനന്തപുരം: ലത്തീൻ അതിരൂപത 'ഭവനം ഒരു സമ്മാനം' പദ്ധതിയിലൂടെ 9 കുടുംബങ്ങളെക്കൂടി ഭൂ ഉടമകളാക്കി. മുരുക്കുംപുഴയിൽ അതിരൂപത വക വസ്തുവിൽ നിന്ന് വീടു വയ്ക്കുന്നതിന് 3 സെന്റ് വീതം സൗജന്യമായി നൽകിയാണ് 9 കുടുംബങ്ങളെ ഭൂഉടമകളാക്കിയത്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഭൂമി നൽകിക്കൊണ്ടുള്ള രേഖയിൽ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം കൈയൊപ്പു ചാർത്തിയ ചടങ്ങിൽ മുരുക്കുംപുഴ ഇടവക വികാരി ഫാ. തോമസ് ജെ. നെറ്റോ, റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ്, ജറാൾഡ് എം. തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഇതിനുമുൻപ് അതിരൂപത മൂന്ന് സെന്റ് ഭൂമി വീതം 11 കുടുംബങ്ങൾക്ക് മുരുക്കംപുഴയിൽ സൗജന്യമായി നൽകിയിരുന്നു.




**2021 ഫെബ്രുവരി മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. യേശുവിനെ ക്ഷണിക്കൽ

പ്രതീക്ഷയും പ്രകാശവും നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ നവീകരിക്കുന്നതിനായ് വെളിച്ചമായി ജീവനായി കടന്നുവന്ന ദൈവപുത്രനായ യേശുവിനെ നമ്മുടെ ജീവിതങ്ങൾക്ക് ഉണർവും ഓജസ്സും നൽകുന്നതിനായി കുടുംബങ്ങൾ നവീകരിക്കപ്പെടുന്നതിനായി ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

### 4. വചനഗീതി

### 5. ദൈവവചന പാരായണം

**എസെക്കിയേൽ 37:1–10**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 6. വചനവിചിന്തനം

യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത് വചനമായ ദൈവത്തെ അവതരിപ്പിച്ചുകൊണ്ടാണ്. വചനത്തെപ്പറ്റിയുള്ള അജ്ഞത ദൈവത്തെക്കുറിച്ചുള്ള അജ്ഞതയാണ്. പ്രവാചകനോട് ദൈവം അരുൾ ചെയ്തു; വരണ്ട അസ്ഥികളെ കർത്താവിന്റെ വചനം ശ്രവിക്കുവിൻ. വചനം ജീവൻ പകരുന്ന ദൈവത്തിന്റെ ശക്തിയാണ്. "എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ. 10:16). യേശുവിന്റെ വചനമൊഴികൾ ദൈവജനത്തിന്റെ അസ്തിത്വമാണ്. വചനമാണ് ദൈവമനുഷ്യ ബന്ധങ്ങൾക്ക് വീര്യം കൂട്ടുക. "ആകാശവും ഭൂമിയും കടന്നു പോകും. എന്നാൽ എന്റെ വചനങ്ങൾ കടന്നു പോകുകയില്ല" (മത്താ. 24:35). അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ജീവനും രക്ഷയും അവിടുത്തെ വചനമൊഴികളാണ്. കൃത്യതയോടെ ജീവന്റെ വചനത്തോട് നീതി പുലർത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. "മഴ പെയ്തു വെള്ളപൊക്കമുണ്ടായി. കാറ്റ് ഊതി അത് ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അത് വീണില്ല. എന്തുകൊണ്ടെന്നാൽ അത് പാറമേൽ സ്ഥാപിതമായിരുന്നു" (മത്താ 7:25). അടിസ്ഥാന ക്രൈസ്തവ സമൂഹത്തിൽ യേശുവിന്റെ സുവിശേഷ മൂല്യങ്ങളിലൂടെയാണ് വേർപ്പെട്ടുപോയ ബന്ധങ്ങൾ തമ്മിൽ ചേരുക.

ഏതൊക്കെയാണ് സുവിശേഷ മൂല്യങ്ങൾ? "ഒരു സമരിയാക്കാരൻ യാത്ര മദ്ധ്യേ മുറിവേറ്റുകിടക്കുന്ന അയൽക്കാരനെ കണ്ട് മനസലിഞ്ഞ് അടുത്ത് ചെന്ന് എണ്ണയും വീഞ്ഞും ഒഴിച്ച് അവന്റെ മുറിവുകൾ വച്ചുകെട്ടി. തന്റെ കഴുതയുടെ പുറത്ത് കയറ്റി ഒരു സത്രത്തിൽ കൊണ്ട് ചെന്ന് പരിചരിച്ചു" (ലൂക്കാ. 10:34–35). മുറിവേറ്റവരെ പരിചരിക്കാൻ പഠിപ്പിക്കുന്ന വേദികളാകണം ബി.സി.സി. ഒരേ സമയം ദൈവമായ കർത്താവിനെയും അയൽക്കാരെയും ശുശ്രൂഷിക്കുവാൻ ഉതകുന്ന കർമ്മപദ്ധതികൾ ബി.സി.സി.കളിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. "സാബത്ത് മനുഷ്യനുവേണ്ടിയാണ്. മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" (മർക്കോ. 2:27). ദിനം തോറും വളർച്ചയുടെ ഉയരങ്ങളിലേക്ക് പറന്നുയരുവാൻ അക്ഷീണം പരിശ്രമിക്കുമ്പോഴും മാനുഷിക മൂല്യങ്ങളെ വെട്ടിമുറിക്കുന്ന കോടാലികളാകരുത് നമ്മുടെ സമീപനങ്ങൾ. "ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക ഇനിമേൽ പാപം ചെയ്യരുത്" (യോഹ. 8:1). വിശ്വാസജീവിതത്തിലേക്കും കുടുംബകൂട്ടായ്മയിലേക്കും അനുതപിച്ച് തിരികെ എത്തുന്നവരെ സ്വീകരിക്കുവാനുള്ള യേശുവിന്റെ ഇടയധർമ്മത്തെ മാതൃകയാക്കാം. നഷ്ടപ്പെട്ടവരോടും വഴിതെറ്റിയവരോടും ക്രൈസ്തവ സ്നേഹത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കാം. യേശു തന്റെ അപ്പസ്തോലന്മാരുടെ പാദം കഴുകി ശുശ്രൂഷയുടെ മുഖം വരച്ചുകാട്ടുമ്പോൾ നവനേതൃത്വം യേശുവിന്റെ പാതകൾ അനുഗമിച്ച് ശുശ്രൂഷാ മനോഭാവത്തിലൂടെ നേതൃത്വം നിർവ്വഹിക്കുവാൻ സന്നദ്ധരാകണം. വരണ്ട അസ്ഥികളോട് ഞരമ്പുകൾ വച്ചുപിടിപ്പിക്കുകയും മാംസം വളർത്തുകയും ചർമ്മം കൊണ്ട് പൊതിയുകയും പ്രാണൻ നിവേശിപ്പിക്കുകയും ചെയ്തപ്പോൾ ജീവൻ യാഥാർത്ഥ്യമായതുപോലെ അടിസ്ഥാന ക്രൈസ്തവ സമൂഹം യേശുവിന്റെ വചനത്താലും, അവിടുത്തെ സുവിശേഷ ആദർശങ്ങളാലും നിറയപ്പെടുമ്പോൾ ആദിമ ക്രൈസ്തവ സമൂഹത്തെപ്പോലെ സ്നേഹത്തിൽ ആഴപ്പെടുവാൻ സാധിക്കും.

### 7. ചർച്ച

a. പുതിയ നേതൃത്വം, വചനം പങ്കുവയ്ക്കപ്പെടുവാനും ശുശ്രൂഷാ സമിതികളുടെ പ്രവർത്തനം തങ്ങളുടെ ബി.സി.സി. യൂണിറ്റുകളിൽ പ്രാവർത്തികമാക്കുവാൻ ഉതകുന്ന ഘടകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

b. ക്രിസ്തു പഠിപ്പിച്ച സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ഒരുമയുടെയും മനോഭാവം ബി.സി.സി. യൂണിറ്റുകളിൽ നിവർത്തിക്കപ്പെടുവാൻ കൂട്ടായ്മകൾ രൂപപ്പെടുത്തുക.

### 8. റിപ്പോർട്ട്

### 9. ഹാജർ

### 10. പൊതു അറിയിപ്പ്

### 11. വിശ്വാസികളുടെ പ്രാർത്ഥന

### 12. സമാപനഗാനം

### 13. നന്ദി

*തയ്യാറാക്കിയത്:*
**ഫാ. സുരേഷ് പയസ്**
ബിസിസി എക്സി. സെക്രട്ടറി
തിരു. അതിരൂപത

ജെ.സി



# സംവരണത്തിന്റെ രാഷ്ട്രീയം

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏഴ് പതിറ്റാണ്ട് പൂർത്തിയായ ഈ കാലഘട്ടത്തിലും ഇന്ത്യയിലെ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക തലങ്ങൾ ഉൾപ്പെട്ട സാമൂഹ്യ ഘടനയെ നിർണയിക്കുന്നതിൽ ജാതി എന്ന ഘടകം നിർണായക പങ്ക് വഹിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസി ദളിത് പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനിർമ്മാണം, ഭരണ നിർവഹണം, നീതി, ന്യായം തുടങ്ങിയ അധികാര തലങ്ങളിൽ എത്തിച്ചേരാൻ ഭരണഘടനാനുസൃതം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംവരണം കാര്യമായി സഹായിച്ചിട്ടില്ല എന്നതാണ് സത്യം. 2019 ഭരണഘടനാ ഭേദഗതി പ്രകാരം നടപ്പിലാക്കപ്പെടുന്ന മുന്നോക്ക സംവരണം പിന്നാക്ക ജനവിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അധികാര പങ്കാളിത്തത്തെ പിന്നോട്ടടിക്കുമെന്നത് തീർച്ചയാണ്. സുപ്രീം കോടതി ജഡ്ജിമാർ സംസ്ഥാന ഗവർണർമാർ സിവിൽ സർവീസ് ഉദ്യോഗസ്ഥർ എന്നിവരിലെല്ലാം പിന്നോക്കവിഭാഗത്തിലുള്ളവർ വിരലിലെണ്ണാവുന്നവർ മാത്രമേ ഉള്ളൂ.

കഴിഞ്ഞ 70 വർഷത്തെ ചരിത്രം പരിശോധിച്ചാൽ ചെറിയ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഈ രാജ്യത്തെ ജനതതിയിൽ ഭൂരിപക്ഷം ആയിട്ടും ദളിത് ആദിവാസി പിന്നോക്കവിഭാഗങ്ങൾ ഇന്നും പുറമ്പോക്കിലാണെന്ന വസ്തുത കാണാതിരുന്നുകൂടാ. ആധുനികവൽക്കരണത്തിന് ആക്കംകൂട്ടുകയും നീതി കൂടുതൽകൂടുതൽ ദൂരത്താവുകയും ചെയ്തുകൊണ്ടിരിക്കുന്നു. തുല്യനീതി, അവസരസമത്വം എന്നീ ആദർശങ്ങളിൽ ഊന്നിക്കൊണ്ട് മാത്രമേ ജാതിയുടെ ക്രൂരതകൾക്കെതിരെ പോരാടാൻ നമുക്ക് സാധിക്കുകയുള്ളൂ. തുല്യനീതിയും അവസര സമത്വവും യാഥാർഥ്യമാകണമെങ്കിൽ സംവരണം എന്ന കൈത്താങ്ങ് അനിവാര്യമാണെന്ന് ഭരണഘടനാ ശില്പികൾ കണ്ടു. സംവരണം എന്നത് നീതിപൂർവകമായ ഒരു നടപടിയാണ്. അത് ആർക്കുവേണ്ടി, എന്തിനുവേണ്ടി എന്നുള്ളത് ഭരണഘടനാ ശില്പികൾ നേരത്തെ തീരുമാനിച്ചിട്ടുള്ളതാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ അതിന്റെ ഒരു ഘടകമേ അല്ല.

2019 ലെ ഭരണഘടനാ ഭേദഗതി സാമൂഹ്യ പിന്നോക്കാവസ്ഥയിൽ നിലനിൽക്കുന്നവരെ പ്രതികൂലമായി ബാധിക്കും. 50 ശതമാനത്തിനുമേൽ സംവരണം പാടില്ലെന്നാണ് സുപ്രീംകോടതി വിധി. കൂടുതൽ പേർക്ക് സമ്പത്തിന്റെ അടിസ്ഥാനത്തിൽ സംവരണം നൽകുമ്പോൾ അടിസ്ഥാന സംവരണ തത്വങ്ങളിൽ വിള്ളൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അതിനേക്കാളുപരി സമ്പത്ത് കുന്നുകൂടുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കണമെന്ന ഭരണഘടനയിലെ നിർദ്ദേശക തത്വം നടപ്പിലാക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മുന്നോട്ടുവരാനും സാധിക്കും. എന്നാൽ സാമുദായികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം മുഖേന മാത്രമേ മുന്നോട്ടുവരാനാകൂ. പണം കുന്നുകൂടുന്നത് തടഞ്ഞാൽ മുന്നോക്കവിഭാഗങ്ങളിലെ ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാം. ആദിവാസി-ദളിത്-പിന്നോക്കവിഭാഗങ്ങൾക്കിടയിലുള്ള യോജിപ്പിലൂടെ മാത്രമേ ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കാനാവൂ. മഹാഭൂരിപക്ഷമായ ഇവരുടെ യോജിപ്പിലൂടെ മാത്രമേ ഇന്ത്യൻ ജനാധിപത്യം വിജയിക്കുകയുള്ളൂ. ഉത്തർപ്രദേശ്, ബിഹാർ എന്നീ സംസ്ഥാനങ്ങളിൽ ദളിത് പിന്നോക്കവിഭാഗക്കാർ രാഷ്ട്രീയമായി ഒന്നിച്ചുനിന്നപ്പോഴെല്ലാം തെരഞ്ഞെടുപ്പുകളിൽ വിജയിച്ച് അധികാരത്തിലെത്തി എന്നത് നൽകുന്ന പാഠവും ഇതുതന്നെയാണ്.

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00

തിരുവനന്തപുരം ലത്തീൻ അതിരൂപത




ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...

RC MATRIMONIAL
UNDERTAKING OF KRLCC

FOR REGISTRATION
www.rcmatrimonial.org

Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob: 93872 96213
matrimonialrc@gmail.com (E)

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto